# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കാരശ്ശേരി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.3/1693/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 0495-2371012
തീയതി.31.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാരശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരശ്ശേരി ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

*********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.3/1693/2017 തീയതി.31.10.2017

## കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ

## 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക

ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2016 മുതൽ 31-3-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നല്കിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.വിനോദ് ശ്രീധർ, ഡപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ, വിനിയോഗിച്ച സമയം | |
| 31.07.2017 മുതൽ 05.08.2017 വരെ | |
| ശ്രീ.ഷിപിൻ പീറ്റർ.സി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ദിശ.ആർ.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.അഫ്സൽ.ടി.എം. | ഓഡിറ്റർ |
| 03.08.2017 മുതൽ 05.08.2017 വരെ | |
| ശ്രീ.കെ.പി.ഹരി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി.ഷൈനി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വി.കെ.വിനോദ് | 1.4.2016മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ.ഇ.സുരേഷ് ബാബു | 1.4.2016മുതൽ 31.3.2017 വരെ |

നിർവഹണദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സി.എൻ.ഭുവനേശ്വരി | 1.4.2016 മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.എൽസമ്മ ജേക്കബ് | 1.4.2016മുതൽ 19.5.2016 വരെ |
| | ശ്രീമതി.ധന്യ.സി.ആർ | 20.5.2016 മുതൽ 31.3.2017വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ശുഭ.സി.വി | 1.4.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.മനലാൽ.എൻ | 1.4.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഗീത.വി.പി | 1.4.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.അഭയദേവ്.കെ | 1.4.2016 മുതൽ 31.3.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.അനീഷ് കുമാർ.കെ | 1.4.2016 മുതൽ 31.3.2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.മൈമൂന.കെ.പി | 1.4.2016 മുതൽ 31.5.2016വരെ |
| | ശ്രീമതി.ഷൈല.കെ.എ | 1.6.2016 മുതൽ 31.3.2017വരെ |
| വി.ഇ.ഒ | ശ്രീ.ലിനീഷ്.എൻ | 1.4.2016 മുതൽ 31.3.2017വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.തിലോത്തമ.കെ.കെ | 1.4.2016 മുതൽ 30.4.2016വരെ |
| | ശ്രീമതി.റോജ.പി | 1.5.2016 മുതൽ 8.7.2016വരെ |
| | ശ്രീമതി.പ്രഷീദബായി.എം.എ | 9.7.2016 മുതൽ 31.3.2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.റുമൈസ.പി.എം | 1.4.2016 മുതൽ 31.3.2017വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 പുതുക്കിയ ബജറ്റ് 28.03.2017 തിയതിയിലെ 74ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ്, ചെലവ് വിവരം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ-ത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 61,28,069 | 61,28,069 | 0 | |
| വരവ് | 22,08,32,333 | 6,58,46,720 | | 15,49,85,613 |
| ആകെ | 22,69,60,402 | 7,19,74,789 | | 15,49,85,613 |
| ചെലവ് | 21,89,64,533 | 6,29,71,446 | | 15,59,93,087 |
| നീക്കിയിരിപ്പ് | 79,95,869 | 90,03,343 | 10,07,474 | |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 7.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| | |
|---|---|
| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോട്ടു കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |

| 03.08.2017 | |
|---|---|

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 61,28,069 |
| വരവ് | 6,58,46,720 |
| ആകെ | 7,19,74,789 |
| ചെലവ് | 6,29,71,446 |
| നീക്കിയിരിപ്പ് | 90,03,343 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ബജറ്റ് പ്രകാരം) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 1,51,33,880 | 1,51,33,880 | 1,50,00,664 | 1,33,216 | 99.12 |
| വികസനഫണ്ട് എസ്.സി.പി. | - | 53,84,994 | 53,84,994 | 53,65,486 | 19,508 | 99.63 |
| വികസനഫണ്ട് ടി.എസ്.പി. | - | 15,65,424 | 15,65,424 | 15,37,939 | 27,485 | 98.24 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 1,85,55,000 | 1,85,55,000 | 34,60,859 | 1,50,94,141 | 18.65 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 40,51,266 | 40,51,266 | 27,86,642 | 12,64,624 | 68.78 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 74,50,004 | 74,50,004 | 54,47,327 | 20,02,677 | 73.11 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | - | 52,06,178 | 52,06,178 | 27,51,794 | 24,54,384 | 52.85 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 372 | 20,24,48,149 | 159 | 4,27,59,310 | - | 213 | 42.74 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 31,14,982 | 5022405 | 1907423 |
| നികുതിയേതര വരവുകൾ | 8,98,326 | 9,21,628 | 23,302 |
| മറ്റുവരവുകൾ | 5,38,751 | 356828 | - 181923 |
| ആകെ | 45,52,059 | 63,00,861 | 17,48,802 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,66,680 | 304 |
| കർഷകതൊഴിലാളി പെൻഷൻ | 21,75,000 | 725 |
| വിധവാപെൻഷൻ | 32,91,000 | 1097 |
| വാർദ്ധക്യകാലപെൻഷൻ | 34,50,250 | 1077 |
| വികലാംഗപെൻഷൻ | 851155 | 281 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,23,000 | 41 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.07.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1237/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.05.2017 | 01.03.2017 മുതൽ 30.04.2017 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.10.2016 | 1997-98 മുതൽ 2005-06 വരെ | LBAC(HQ)/III /8B-195/883 |

## 1-11 ഓഡിറ്റ് സാക്ഷ്യപത്രം

2016-17 വർഷത്തെ ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിലെ അപാകതകൾ

2016 - 17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

2) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല.

3) ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-2 ലേല തുക ഈടാക്കാതെ, ലേലം ചെയ്ത പന്നികളെ വിട്ട് നല്കി

പഞ്ചായത്തിലെ മൈസൂർ മല പ്രദേശത്ത് അനധികൃതമായി നടത്തുന്ന പന്നി ഫാമിനെക്കുറിച്ച് മൈസൂർ മല

ആദിവാസി കോളനി നിവാസികൾ പരാതികൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അധികൃതർ നടത്തിയ അന്വേഷണത്തിൽ, ഫാമിലെ പ്രവർത്തനങ്ങൾ സമീപവാസികളുടെ ആരോഗ്യത്തിനു ഹാനികരമായ വിധത്തിൽ പരിസര മലിനീകരണമുണ്ടാക്കുന്നതായി ബോധ്യപ്പെട്ടു. ഭരണ സമിതിയുടെ 25/10/2016 ലെ 345 ആം നമ്പർ തീരുമാന പ്രകാരം ഫാം അടച്ചു പൂട്ടാനും പന്നികളെ ലേലം ചെയ്ത് വിൽപന നടത്താനും തീരുമാനിച്ചു. 27/10/2016 ലെ എ.3/9360/16 നം കത്ത് പ്രകാരം അനധികൃത പന്നി ഫാം ഉടമ, ശ്രീ.മാർട്ടിൻ s/o ഉലഹന്നാൻ എന്നയാൾക്ക് 3 ദിവസത്തിനകം പന്നികളെ നീക്കം ചെയ്ത് ഫാം പൂട്ടുന്നതിന് 1994 ലെ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 254(2)(11), 1998 ലെ കേരള പഞ്ചായത്ത് രാജ് പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം നിർദേശം നൽകി. ലേലം നടപടികൾ തടയാൻ ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.മാർട്ടിൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിക്ക് മുമ്പാകെ സമർപ്പിച്ച റിട്ട് (WP(C).No. 31920 of 2014 Dated 27/10/16) കോടതി പരിഗണിച്ചു. 26-11-2016 ന് നടത്തുന്നതിന് തീരുമാനിച്ച ലേലം 30.11.2016 നോ, അതിനു ശേഷമോ ഉള്ള ദിനത്തിൽ നടത്തുന്നതിന് ഹൈക്കോടതി പഞ്ചായത്തിന് അനുമതി നൽകുകയുണ്ടായി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ (WP(C).No. 31920 of 2014(L) Dated 25.11.16) അടിസ്ഥാനത്തിൽ പന്നികളെ പിടിച്ചെടുത്ത് 30/11/16 ന് പഞ്ചായത്ത് പരിസരത്ത് വെച്ച് ലേലം നടത്തി.

ഈ ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി

1)പിടിച്ചെടുത്ത പന്നികൾക്ക് വാല്യുവേഷൻ നടത്തി അടിസ്ഥാന വില നിർണയിച്ചിട്ടില്ല.

2)30/11/16 ന് നടന്ന ലേലത്തിൽ 4 പേർ പങ്കെടുത്തു. ലേലത്തിൽ പങ്കെടുത്തവരോട് നിരതദ്രവ്യം വാങ്ങി രസീതി നൽകിയിട്ടില്ല.

3) ശ്രീ. ടോണി വെങ്ങപ്പള്ളി അടിവാരം എന്നയാൾ 260000 രൂപക്ക് ലേലം വിളിച്ചു. ലേല നോട്ടീസിൽ പ്രസ്താവിച്ച പ്രകാരം 14.5% വാറ്റ് അടക്കം ലേലം പിടിച്ചയാൾ ലേല തുക 2,97,700/- (2,60,000+37,700) അപ്പോൾ തന്നെ പഞ്ചായത്ത് ഓഫീസിൽ അടവാക്കേണ്ടതായിരുന്നു. ഇയാളോട് ഈ തുക ഈടാക്കാതെ പന്നികളെ വിട്ട് നൽകി. പകരം ഈ ലേലത്തിൽ പങ്കെടുക്കാത്ത, അനധികൃത പന്നി ഫാം ഉടമയായ ശ്രീ. മാർട്ടിന്റെ പേരിലുള്ള 16687 നം. സേവിങ് ബാങ്ക് (ഫെഡറൽ ബാങ്ക് മുക്കം) അക്കൌണ്ടിന് അനുവദിച്ച ചെക്ക് വാങ്ങി വെക്കുകയാണ് ചെയ്തത്(ചെക്ക് നം 953044) . ഈ ചെക്ക് ബാങ്ക് അക്കൌണ്ടിൽ പണമില്ലാത്തതിനാൽ മടങ്ങി.

4)ശ്രീ.ടോണി വെങ്ങപ്പള്ളിയോട് തുക ഈടാക്കുന്നതിനു പകരം ലേലത്തിൽ പങ്കെടുക്കാത്ത ശ്രീ.മാർട്ടിന്റെ പേരിലുള്ള ചെക്ക് വാങ്ങിയതിലൂടെ പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടമാണ് സംഭവിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ടിയാനെതിരെ നിയമ നടപടിക്ക് സാധ്യമല്ലാതെ വരികയും ചെയ്തു. നിലവിൽ പഞ്ചായത്ത് ശ്രീ.മാർട്ടിന്റെ പേരിൽ താമരശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ NI ACT 142 ആം വകുപ്പ് ക്രിമിനൽ നടപടി നിയമം 190(1)(എ) വകുപ്പ് പ്രകാരംകേസ് ഫയൽ ചെയ്തിട്ടുണ്ട് (ST 126/17).

5)പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ഈടാക്കിയതിൽ വന്ന കുറവ്

2011 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം.118 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധി പ്രദേശങ്ങളിൽ യാതൊരാളും, ഏതെങ്കിലും സർക്കാരിതര വാർത്താ വിനിമയ ഗോപുരങ്ങൾ [വാർത്താ വിനിമയ ഗുണ് നിർമ്മാണങ്ങളോ, അനുബന്ധ മുറികളോ] സെക്രട്ടറിയിൽ നിന്നും പ്രത്യേകം അനുവാദം ലഭിക്കാതെ നിർമ്മിക്കുവാനോ അല്ലെങ്കിൽ പുനർനിർമ്മിക്കുവാനോ അല്ലെങ്കിൽ മാറ്റം വരുത്തുവാനോ പാടില്ലാത്തതാകുന്നു. ഗ്രാമപഞ്ചായത്ത് പരിധികളിലെ ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 2013ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്നും ലഭ്യമായ മൊബൈൽ ടവർ നിർമാണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചു. പ്രസ്തുത മൊബൈൽ ടവറിന്റേയും, അനുബന്ധ കെട്ടിടങ്ങളുടെയും വസ്തു നികുതി ശരിയായ രീതിയിൽ നിർണയിച്ച് ഈടാക്കുന്നില്ല. ഗ്രാമ പഞ്ചായത്തിൽ നിലനിൽക്കുന്ന മൊബൈൽ ടവറിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും വിസ്തീർണ്ണം താഴെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | കെട്ടിട തരം | നീളം | വീതി | വിസ്തീർണ്ണം | ഈടാക്കേണ്ടിയിരുന്ന നികുതി |
|---|---|---|---|---|---|---|
| 1 | മാനേജർ, ഇന്റസ് ടവർ | മൊബൈൽ ടവർ | 4.45 | 4.45 | 19.8 | 41.55x400=16620+831(ലൈ.സെ 5%)<br>17451/- |
| | | ഡി ജി റൂം | 3.00 | 2.00 | 6.00 | |
| | | ഒ.ഡി.ഷെൽട്ടർ | 4.5 | 3.5 | 15.75 | |
| ആകെ വിസ്തീർണ്ണം | | | | | 41.55 | |

മൊബൈൽ ടവറിന്റെ തറ വിസ്തീർണം അടക്കം മൊത്തം 41.55 m2 ന്റെ നികുതി ഈടാക്കുന്നതിന്റെ പകരമായി, ഡി.ജി.റൂം, ഒ.ഡി.ഷെൽട്ടർ എന്നിവയുടെ തറ വിസ്തീർണം മാത്രം കണക്കാക്കിയാണ് (15.75+6=21.75) നിലവിൽ നികുതി നിർണയിച്ച് നൽകിയത്. (21.75 x 400 = 8700 + 435 (LC) = 9,135/- ) ഇങ്ങനെ നികുതി കണക്കാക്കിയപ്പോൾ 8,316/- രൂപയുടെ നഷ്ടം പഞ്ചായത്തിന് സംഭവിച്ചു (17451-9135=8316). മൊബൈൽ ടവറിന്റെ നികുതി പുനർ നിർണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മറ്റ് മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണയിച്ചപ്പോൾ മൊബൈൽ ടവറിന്റെ തറ വിസ്തീർണം കണക്കാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചും അറിയിക്കേണ്ടതാണ്.

## 2-4 പിരിച്ചെടുത്ത തുക വൈകി അടവാക്കിയത് സംബന്ധിച്ച്

വെറ്റിനറി സർജന് നൽകിയ രസീതി ബുക്കുകളിൽ കളക്ഷൻ നടത്തിയ തുക യഥാസമയം പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതെ വൈകി അടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | രസീതി നം | പിരിവ് നടത്തിയ തിയതി | തുക | പഞ്ചായത്തിൽ അടവാക്കിയ തിയതി |
|---|---|---|---|---|
| 1 | 1-100/35430 | 26-02-2017 | 65,554/- | 02-03-2017 |
| 2 | 1-100/35432<br>1-70/35434 | 06-03-2017 | 83,394/- | 15-03-2017 |
| 3 | 71-93/35434 | 20-03-2017 | 81,250/- | 27-03-2017 |

2011 ലെ കേരള പഞ്ചായത്ത് രാജ് (അകൗണ്ട്സ്) ചട്ടങ്ങൾ റൂൾ 23 പ്രകാരം 500/- രൂപയിൽ അധികരിക്കുന്ന ഏതൊരു തുകയും അതെ ദിവസം തന്നെയോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസമോ ബാങ്ക്/ട്രഷറിയി അകൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

കളക്ഷൻ ചട്ട പ്രകാരം ബാങ്ക്/ട്രഷറിയി അകൗണ്ടിൽ നിക്ഷേപിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-5 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്

| ക്രമ നം | അപേക്ഷകന്റെ പേര് (ഡി&ഒ ലൈസൻസ് രജിസ്റ്റർ) | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 123 | ശ്രീ.നൌഫൽ.കെ.കെ | മാസ് ഗ്രാനൈറ്റ് | 3 |
| 135 | ശ്രീ.അജാസ്.എം.എം | പൂനൂർപൊയിൽ ഗ്രാനൈറ്റ്സ് | 9 |
| 146 | ശ്രീ.എ.എൽ.പ്രേമരാജ് | ക്വാറി | 4 |
| 165 | ശ്രീ.അബ്ദുൽ സലാം | കെ.എം ഇൻടസ്ട്രീസ് | 4 |
| 170 | ശ്രീ.ബി.പി. മുഹമ്മദ് | ബി.പി.എം ഫ്രഷ് സൂപ്പർ മാർക്കറ്റ് | 4 |
| 180 | ശ്രീ.മുഹമ്മദ് ഫാസിൽ | മാസ്കോ മോട്ടോർസ് | 4 |
| 185 | ശ്രീമതി.റുഖിയ്യ ഇബ്രാഹീം | ഐ.ബി.എം ടാറ്റാ മോട്ടോർസ് | 8 |

| | | | |
|---|---|---|---|
| 187 | ശ്രീ.കെ.ടി.നസീർ. | പ്രിന്റ് റൂട്ട് വീൽ | 9 |
| 246 | ഡോ.ഇക്റാം ബിൻ ഇസ്മായിൽ. പി.ടി | അസ്സാൻ ഡെന്റൽ&മാക്സിലോ ഫാഷ്യൽ സെന്റർ | 3 |
| 296 | ശ്രീ.സബാഹ്.ടി.ടി | മീസ് ട്വന്ടി | 20 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്യുതിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ കൊടുത്തിരിക്കുന്നവരിൽ നിന്നും ചട്ട പ്രകാരം നടപടി സ്വീകരിച്ച് നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-6 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഭരണ സമിതിയുടെ 29.12..2011 ലെ 287നം തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ, ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിച്ചത് മൂലം താഴെ പറയുന്ന 100 ച.മീ യിൽ കൂടുതലുള്ള കെട്ടിടങ്ങളിൽ നിന്നു 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചത്.

| കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം | കെട്ടിടത്തിനു നൽകിയ നമ്പറുകൾ | തറ വിസ്തീർണ്ണം(ച. മീ) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കിയ നികുതി(ഇളവുകളും വർധനവും അടക്കം)+ലൈബ്രറി സെസ്സ് | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി(ഇളവുകളും വർധനവും അടക്കം) +ലൈബ്രറി സെസ്സ് | നഷ്ടം |
|---|---|---|---|---|---|---|---|---|
| മുഹമ്മദ്& മുസ്തഫ തോട്ടോളി അള്ളി.പി.ഒ | 118.68 | 4/74 D<br>4/74E<br>4/74F<br>4/74G<br>4/74H | 23.74<br>23.74<br>23.74<br>23.74<br>23.74 | 30 | 784+40=824<br>784+40=824<br>784+40=824<br>784+40=824<br>784+40=824 | 50 | 1306+66=1372<br>1306+65=1372<br>1306+65=1372<br>1306+65=1372<br>1306+65=1372 | 548<br>548<br>548<br>548<br>548 |
| ആകെ | | | | | | | | 2740 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| മുഹമ്മദ് അഷറഫ് &<br>ഷഹറ്ബാൻ<br>തോട്ടത്തിൽ(വീട്), വലിയപറമ്പ, നെല്ലിക്കാപറമ്പ | 105.04 | 13/199B<br>13/199C<br>13/199D<br>13/199E<br>13/199F | 22<br>22<br>22<br>22<br>17.4 | 30 | 792+40=832<br>792+40=832<br>792+40=832<br>792+40=832<br>627+32=659 | 50 | 1320+66=1386<br>1320+66=1386<br>1320+66=1386<br>1320+66=1386<br>1044+53=1097 | 554<br>554<br>554<br>554<br>438 |
| ആകെ | | | | | | | | 2654 |

ഈ കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിച്ച് , പുതിയനിരക്കിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയ്ക്കേണ്താണ്.

## 2-7 അസസ്മെന്റ് രജിസ്റ്ററിൽ വ്യാജമായി എഴുതിച്ചേർത്തവർക്കെതിരെ സ്വീകരിച്ച നടപടികൾ

ശ്രീ.അബ്ദുൽ അലി, കാഞ്ഞിരാലയുടെ പേരിലുള്ള 4/326, 4/541 നം കെട്ടിടങ്ങൾ വ്യാജ രേഖകൾ സമർപ്പിച്ച് നേടിയതാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അന്വേഷണം നടത്തി. 1997-98 വർഷത്തെ അസസ്മെന്റ് റജിസ്റ്റർ പ്രകാരമാണ് നമ്പർ നൽകിയത്. ടിയാനോട് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ ആധാരവും പട്ടയവും ടിയാൻ ഹാജരാക്കി. മുക്കം സബ് രജിസ്ട്രാർ ഓഫീസിൽ 30-12-2000 ന് രജിസ്റ്റർ ചെയ്ത 4751 നമ്പർ ആധാരം പ്രകാരമാണ് കെട്ടിടം നിൽക്കുന്ന സ്ഥലം ശ്രീ.അബ്ദുൽ അലിക്ക് ലഭിച്ചത്. കോഴിക്കോട് ലാന്റ് ട്രിബ്യൂണൽ അനുവദിച്ച ക്രയവിക്രയ സർട്ടിഫിക്കേറ്റ് പ്രകാരം സ്ഥലം അനുവദിച്ച് കിട്ടുന്നത് 2004 ൽ ആണ്. 30/12/2000 ത്തിൽ ഉടമസ്ഥാവകാശം ലഭിച്ച സ്ഥലത്ത് 1997-98 വർഷത്തിൽ കെട്ടിട നമ്പർ ലഭിച്ചത്, കെട്ടിച്ചമച്ച രേഖകൾ ഹാജരാക്കിയിട്ട് ആണ് എന്ന് മനസ്സിലാക്കിയ പഞ്ചായത്ത് കെട്ടിട നമ്പർ റദ്ദാക്കി. (ഉത്തരവ് നം എ.4-2631/14 തിയതി. 21.11.2014). (സെക്രട്ടറിയുടെ നടപടിക്കെതിരെ ശ്രീ.അബ്ദുൽ അലി ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണലിൽ പരാതി നൽകിയിട്ടുണ്ട്. ( IA No 45/2015 In RP No 3/15.).ട്രിബ്യൂണൽ 7.1/15 ലെ ഉത്തരവ് പ്രകാരം കെട്ടിട നമ്പർ റദ്ദാക്കിയ നടപടി സ്റ്റേ ചെയ്തു). ശ്രീ. നസീൽ , കാഞ്ഞിരാല തന്റെ പിതാവിന്റെ പേര് 2007-08 ലെ അസസ്മെന്റ് രജിസ്ററ്റിൽ വ്യാജമായി എഴുതി ചേർത്തതാണെന്നും കെട്ടിട നമ്പറുകൾ റദ്ദാക്കിയത് പുന പരിശോധിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നല്കി. ഇത് പരിഗണിച്ച്, ഭരണ സമിതിയുടെ 14-11-2016 399 ആം നമ്പർ തീരുമാന പ്രകാരം ഇക്കാര്യം അന്വേഷിക്കാൻ ഒരു സബ് കമ്മിറ്റി രൂപീകരിച്ചു. 18-11-16 ലെ സബ് കമ്മറ്റിയുടെ റിപ്പോർട്ടിൽ 1997-98 ലെ അസസ്മെന്റ് റജിസ്റ്ററിൽ കാഞ്ഞിരാല അബ്ദുൽ അലിയുടെ പേര് 2008 ന് ശേഷം ഏഴുതിച്ചേർച്ചതാണെന്നും, അബ്ദുൽ അലി നിയമപരമായി നേടിയ കെട്ടിട നമ്പറുകൾ റദ്ദ് ചെയ്ത നടപടി പുന പരിശോധിക്കുന്നതിനും അസസ്മെന്റ് രജിസ്റ്ററിൽ വ്യാജമായി എഴുതിച്ചേർത്തവരെ നിയമത്തിനു മുന്നിൽ കൊണ്ട് വന്ന് മാതൃകാപരമായി ശിക്ഷിക്കേണ്ടതിനാൽ വിജിലൻസ് അന്വേഷണത്തിനും ശുപാർശ ചെയ്തിട്ടുമുണ്ട്. ഈ ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുന്നു

1)18/11/16 ലെ സബ് കമ്മിറ്റി റിപ്പോർട്ടിൻമേൽ ഇതു വരെ നടപടികൾ കൈ കൊണ്ടിട്ടില്ല.

2) പഞ്ചായത്തിലെ രജിസ്റ്ററുകളിൻ വ്യാജമായി എഴുതിച്ചേർത്തു എന്ന് വ്യക്തമായിട്ടും, ഇതിനു കൂട്ട നിന്ന ഉദ്യോഗസ്ഥർക്കെതിരെ, വകുപ്പ തല അന്വേഷണമോ, പോലീസ്/ വിജിലൻസ് പരാതിയോ നൽകിയിട്ടില്ല. ഇതിൽ അടിയന്തിരമായി നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-8 വസ്തു നികുതി പരിഷ്കരണം - അവലോകനം.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കാരശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ 01.04.2011 ന് പ്രാബല്യത്തിൽ വരുത്തുന്നതി/ന് പഞ്ചായത്ത് തീരുമാനമെടുക്കുകയും ആയത് സംബന്ധിച്ച് പ്രാഥമിക അറിയിപ്പ്

02-11-11 തിയ്യതിയിൽ പഞ്ചായത്ത് നോട്ടീസ് ബോർഡിലും ദിനപത്രത്തിലും പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിക്കുകയും ചെയ്തു. തുടർന്ന് മേൽ ചട്ടം 4, 7, 8 അനുസരിച്ച് അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി 29.12.2011 ലെ യോഗത്തിൽ തീരുമാനമെടുത്തു. (നം.287/2011). നികുതി നിർണ്ണയത്തിന് വേണ്ടി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളെ പ്രാഥമിക മേഖല, ദ്വിതീയ മേഖല ,തൃതീയ മേഖല എന്ന് തരം തിരിച്ച് വിജ്ഞാപനം ചെയ്യുകയും ചെയ്തിരുന്നു.ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ ചേർക്കും പ്രകാരം പുനർ നിർണ്ണയിക്കുകയും ചെയ്തു.

| ക്രമ നം | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | നികുതി നിരക്ക് ച. മീ |
|---|---|---|
| 1 | പാർപ്പിട ആവശ്യത്തിനുള്ളവ | 3 രൂപ |
| 2 | വാണിജ്യാവശ്യത്തിനുള്ളവ<br>1-100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 30 രൂപ |
| | 2-100ച.മീറ്ററനുകളിൽതറവിസ്തീർണ്ണമുള്ള ഹോട്ടൽ.ഷോപ്പുകൾ | 50 രൂപ |
| | 3-200 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ | 30രൂപ |
| | 4-200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഹോട്ടൽ | 70 രൂപ |
| | 5-ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷനുകൾ | 40 രൂപ |
| 3 | ആഫീസ് ആവശ്യത്തിനുള്ളവ<br>(വ്യവസായ ശാലകളോടനുബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 30 രൂപ |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 6 രൂപ |
| 5 | ആശുപത്രികൾ | 4രൂപ |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം,<br>ആഡിറ്റോറിയം, സിനിമാ തിയേറ്റർ, ലോഡ്ജ് | 20 രൂപ |
| 7 | വ്യവസായ ആവശ്യത്തിനുള്ളവ [1-കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ഇഷ്ടിക ചൂള, പീലിംഗ് ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്] | 10 രൂപ |

| | | |
|---|---|---|
| | 2-ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 രൂപ |
| 8 | റിസോർട്ടുകൾ | 80 രൂപ |
| 9 | അമ്യൂസ്മെന്റ് പാർക്ക് | 20 രൂപ |
| 10 | മൊബൈൽ ടെലിഫോൺ ടവർ | 400 രൂപ |

2013 ഏപ്രിൽ.1 മുതൽ കാരശ്ശേരി ഗ്രാമപഞ്ചായത്തിൽ പുതുക്കിയ നിരക്കിൽ വസ്തുനികുതി പ്രാബല്യത്തിൽ വന്നു. നികുതി ദായകർക്ക് തറ വിസ്തീർണം അടിസ്ഥാനമാക്കിയാണ് നികുതി ഈടാക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വേറിൽ ഡാറ്റാ എൻട്രി ചെയത് പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ കെട്ടിടങ്ങൾക്കും ഫോറം നം-6 പൂരിപ്പിച്ചതിന് ശേഷം മാത്രമാണ് ഡാറ്റാ എൻട്രി ജോലികൾ പൂർത്തിയാക്കിയത്

ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗങ്ങളിൽ പുതുക്കിയ നിരക്കിലും പഴയ ഭാഗത്തിന് നിലവിലുള്ള കെട്ടിടമായും കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്റർ പെച്ച് സൂക്ഷിക്കുന്നില്ല. ഒഴിലായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് രജിസ്റ്റർ സീക്ഷിക്കുന്നില്ല. പഞ്ചായത്തിൽ സേവന ഉപ നികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിന് ഒരുനടപടിയും സ്വീകരിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഡിമാൻഡ് ചെയ്ത തുകയുടെ 98.96% പിരിച്ചെടുക്കാൻ സാധിച്ചു. കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം, തറ വിസ്തീർണ്ണം, മേൽക്കൂരയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, തറ നിർമ്മിതിയുടെ തരം, ഉപയോഗം, സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് ഇളവുകളും അതിനനുസരിച്ചുള്ള വർദ്ധനവും ഉറപ്പ് വരുത്തിയിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 11,632 കെടിടങ്ങളാണ് നിലവിലുള്ളത്. ഇതിൽ 8906 വീടുകളും 1910 ഷോപ്പുകളും 248 വ്യവസായങ്ങൾക്കുള്ള കെടിടങ്ങളും 21 വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളും 5 മൊബൈൽ ടവറുകളും 12 ഓഡിറ്റോറിയങ്ങളും 258 സർക്കാർ അർദ്ധ സർക്കാർ കെട്ടിടങ്ങളും ,നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 410 കെട്ടിടങ്ങളും ഉൾപ്പെടുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിവിധ റോഡ് പ്രവൃത്തികൾ - സിമന്റ് കോൺക്രീറ്റിന് അധികനിരക്ക് അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത റോഡ് പ്രവൃത്തികളിൽ ഒരിനം 1:2:4 അനുപാതത്തിൽ 20 മി.മീ. മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ്. ഇതിന് കരാറുകാരന്റെ ലാഭവും, ഓവർ ഹെഡ് ചാർജ്ജും ഉൾപ്പെടെ ഒരു ഘനമീറ്ററിന് 7953.46 രൂപയാണ് അനുവദിച്ചത്. ഡൽഹി ഷെഡ്യൂൾ നിരക്ക് 2014 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് കോഴിക്കോടിന്റെ കോസ്റ്റ് ഇൻഡക്സ് ആയ 1.381 ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഇനമായ ഡി.എസ്.ആർ. കോഡ് 4.1.3 പകരം ഫ്ലോറിംഗിന്റെ കോഡായ 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച നിരക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 അനുവദിച്ചിരുന്നെങ്കിൽ താഴെ കാണിച്ച നിരക്കാണ് കരാറുകാർക്ക് അനുവദിക്കേണ്ടിയിരുന്നത്.

| ഇനം | കോഡ് | വിശദാംശം | | |
|---|---|---|---|---|
| 1:2:4 മിശ്രിതത്തിൽ | 4.1.3 | മെറ്റീരിയൽ 1 ഘനമീറ്ററിന് | | |

| | | | | | |
|---|---|---|---|---|---|
| കോൺക്രീറ്റ്, 20 മി.മി.വലിപ്പത്തിൽ മെറ്റൽ | | 20 മി.മീ. മെറ്റൽ | 0.670 | 1175 | 787.25 |
| | | 10 മി.മീ.മെറ്റൽ | 0.220 | 1175 | 258.50 |
| | | കടത്ത് | 0.890 | 106.49 | 94.78 |
| | | മണൽ | 0.445 | 1200 | 534.00 |
| | | കടത്ത് | 0.445 | 106.49 | 47.39 |
| | | സിമന്റ് | 0.320 | 6300 | 2016.00 |
| | | കടത്ത് | 0.320 | 94.65 | 30.29 |
| | | ലേബർ | | | |
| | | മേസൺ | 0.1 | 419 | 41.70 |
| | | ബെൻഡർ | 1.63 | 329 | 536.27 |
| | | ബിസ്ഥി | 0.70 | 363 | 254.10 |
| | | കോൺക്രീറ്റ് മിക്സ് വാടക | 0.07 | 800 | 56.00 |
| | | വൈബ്രേറ്റർ | 0.07 | 350 | 24.50 |
| | | മറ്റ് ചെലവുകൾ | 14.30 | 1.78 | 25.45 |
| | | ആകെ | | | 4706.23 |
| | | വാട്ടർ ചാർജ്ജ് 1% | | | 47.06 |
| | | ആകെ | | | 4753.29 |
| | | സി.പി. & ഒ.എച്ച്. 15 % | | | 712.99 |

ഒരു ക്യൂബിക് മീറ്ററിന് കരാറുകാരന് 5466.30. ഇതിന്റെ കോസ്റ്റ് ഇൻഡക്സ് ആയ 1.381 കൊണ്ട് ഗുണിച്ചാൽ യഥാർത്ഥ നിരക്ക് കോഴിക്കോടിന്റേത് ലഭ്യമാകും. അതായത് കാരശ്ശേരി ഗ്രാമപഞ്ചായത്തിൽ കരാറുകാരന് 7548.96രൂപയാണ് അനുവദിക്കേണ്ടത്. അതിന് പകരം ഫ്ലോറിംഗിന് 1:2:4 സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന്റെ നിരക്കായ (code 11.7) 7953.46 രൂപ കരാറുകാരന് ഈ ഇനത്തിൽ അനുവദിച്ചു. അതിനാൽ താഴെ കൊടുത്ത പ്രകാരം അധികം തുക കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

| | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നം.എസ്റ്റി.തുക,ബിൽ | 1:2:4 ചെയ്ത വോള്യം(m3) | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|---|
| 1 | പെരവൻ കുഴി പള്ളിക്കര റോഡ്, 369/17<br>പ്രവൃത്തിമൂല്യം - 115200<br>ബിൽ തുക:15200<br>ബിൽ:30/31.1.2017<br>കരാറുകാരൻ – ശ്രീ.ഹംസ.പി<br>എം.ബുക്ക് -306/14 | 8.78 | 58517.74<br>(@7953.46)<br>(ടെണ്ടർ കുറവ് -16.2%) | 55542.5<br>(@7548.96)<br>(ടെണ്ടർ കുറവ് -16.2%) | 2975 |
| 2 | മാങ്കുന്നമ്മൽ റോഡ്, 365/17<br>പ്രവൃത്തിമൂല്യം - 300000<br>ബിൽ തുക:52000<br>ബിൽ:39/31.1.2017<br>കരാറുകാരൻ–<br>ശ്രീ.പൈതൽ.പി<br>എം.ബുക്ക് -353/14-15 | 19.07 | 128072.98<br>(@7953.46)<br>(ടെണ്ടർ കുറവ്. 16%) | 120925<br>(@7548.96)<br>(ടെണ്ടർ കുറവ് – 16%) | 7148 |
| 3 | ലക്ഷം വീട് ഫുട്പാത്ത്, 448/17 | 14.349 | 107276.75 | 101820.83 | 5456 |

| | | | | | |
|---|---|---|---|---|---|
| | പ്രവൃത്തിമൂല്യം - 140683<br>ബിൽ തുക:132242<br>ബിൽ:32/31.1.2017<br>കരാറുകാരൻ – ശ്രീ.പി.പി.അഹമ്മദ് ഷരീഫ് എം.ബുക്ക് -125/15-16 | | (@7953.46)<br>(ടെണ്ടർ കുറവ്. 6%) | (@7548.96)<br>(ടെണ്ടർ കുറവ് – 6%) | |
| 4 | പെരിലക്കാട്ട് കോളനി റോഡ്, 425/17<br>പ്രവൃത്തിമൂല്യം - 233887.86<br>ബിൽ തുക:35660<br>ബിൽ:5/30.11.6<br>ബിൽ തുക:150000<br>ബിൽ:9/30.11.6<br>കരാറുകാരൻ – ശ്രീ.ജമാൽ.ഇ എം.ബുക്ക് -307/15-16 | 18.04 | 113892.89<br>(@7953.46)<br>(ടെണ്ടർ കുറവ്. 20.62%) | 108102.6)<br>(ടെണ്ടർ കുറവ് 20.62%) | 5790 |
| | ആകെ | | | | 21369 |

ഇങ്ങനെ 21,369/- രൂപ കരാറുകാർക്ക് അധികം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇങ്ങനെ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 21,369/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 മോർഡ് സ്പെസിഫിക്കേഷനിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് ഓവർഹെഡ്ഡ് ചാർജ്ജും, കരാറുകാരന്റെ ലാഭവും ഉൾപ്പെടെ 20% വർധനവ് നൽകി.

2016-17 വർഷത്തെ മരാമത്ത് പ്രവൃത്തികളിൽ റോഡ് പണി മോർഡ് സ്പെസിഫിക്കേഷൻ അവലംബിച്ചാണ് ചെയ്തിട്ടുള്ളത്. പ്രൈസ് സോഫ്റ്റ്‌വെയറിൽ പ്രസ്തുത സ്പെസിഫിക്കേഷൻ ഉപയോഗിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കപ്പെടുന്നുണ്ട്. ഇക്കാര്യങ്ങൾക്ക് ജി.ഒ(പി)30/2016 ധന. തീയതി 29.02.2016 ഉത്തരവിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുള്ള പ്രൈസ് സോഫ്റ്റ്‌വെയറിലെ ഡാറ്റാ നിരക്കിൽ 10% ഓവർഹെഡ് ചാർജ്ജും, 10% കരാറുകാരന്റെ ലാഭവും നൽകിയതായി കാണുന്നു. എന്നാൽ മോർത്ത് സ്പെസിഫിക്കേഷനിൽ ഡെൽഹി ഷെഡ്യൂൾ നിരക്കിൽ തയ്യാറാക്കിയ ഇനങ്ങൾക്ക് സി.പിയും, ഓവർഹെഡ് ചാർജ്ജും കൂടി ആകെ 15% ൽ പരിമിതപ്പെടുത്തിയാണ് അനുവദിച്ചത്. മോർഡ് സ്പെസിഫിക്കേഷനിൽ 20% അനുവദിച്ചതിന് പകരം 15% ൽ പരിമിതപ്പെടുത്താത്തതിനാൽ താഴെ കൊടുത്ത പ്രവൃത്തിയിലെ മോർഡ് ഉപയോഗിച്ചുള്ള ഇനങ്ങൾക്ക് 5% തുക അധികം നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| | പ്രവൃത്തിയുടെ പേര്/കരാറുകാരന്റെ പേര്/ എം.ബുക്ക്/ബിൽ/തുക | മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം തയ്യാറാക്കിയ ഇനങ്ങൾക്ക് അനുവദിച്ച തുക (വെറ്റ് മിക്സ് മെക്കാഡം/വാട്ടർ ബൌണ്ട് മെക്കാഡം, ടാക്ക് കോട്ട്, ചിപ്പിംഗ് കാർപ്പറ്റ്, മിക്സ് സീൽ കോട്ട്,) | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|
| 1 | കണ്ടം കുളം റോഡ്,362/17 | 2,00,000 | 1,90,000 | 10,000 |

| | | | | |
|---|---|---|---|---|
| | കരാറുകാരകൻ- ശ്രീ.കെ.അയ്യൂബ്<br>എം.ബുക്ക് - 242/16-17<br>ബിൽ നം.-65/31.03.2017<br>തുക- 200000 | | | |
| 2 | പുളിച്ചിമാവ് മുക്കം പാലം റോഡ്,61/17<br>കരാറുകാരൻ - ശ്രീ.കെ.അയ്യൂബ്<br>എം.ബുക്ക്- 233/2016-17<br>ബിൽ നം. 63/31.03.2017<br>തുക – 205065 രൂപ | 2,05,065 | 1,94,812 | 10,253 |
| 3. | കക്കാട് മാടകശ്ശേരി വലിയപറമ്പ് റോഡ്, 88/17<br>കരാറുകാരൻ – ശ്രീ.അഹമ്മദ്.പി<br>എം.ബുക്ക്.237/16-17<br>ബിൽ - 70/31.03.2017<br>തുക – 137860 | 1,37,860 | 1,30,967 | 6,893 |
| 4 | സുലൈമാൻ പാലം - അയ്യപ്പാട്ട് റോഡ്, 178/17<br>കരാറുകാരൻ - ശ്രീ.രാജേഷ് കുമാർ<br>എം.ബുക്ക്.254/16-17<br>ബിൽ - 72/31.03.2017<br>തുക – 359462 | 3,59,462 | 3,41,489 | 17,973 |
| 5 | നെല്ലിക്കാപറമ്പ് മൂടേരിച്ചാൽ തോണ്ടയിൽ റോഡ്, 520/17<br>കരാറുകാരൻ – ശ്രീ.അഹമ്മദ്.പി.പി<br>എം.ബുക്ക്.258/16-17<br>ബിൽ - 69/31.03.2017<br>തുക – 199960 | 1,99,960 | 1,89,962 | 9,998 |

| | | | | | |
|---|---|---|---|---|---|
| 6 | വലിയപറമ്പ് വല്ലരിക്കോട് മാളിയേക്കൽ റോഡ്, 170/17<br>കരാറുകാരൻ – ശ്രീ.അഹമ്മദ്.പി.പി എം.ബുക്ക്.255/16-17<br>ബിൽ - 68/31.03.2017<br>തുക – 221369 | | 2,21,369 | 2,10,301 | 11,068 |
| 7 | കണ്ടംകുളം മൂയില്ലത്ത് റോഡ്, 63/17<br>കരാറുകാരൻ – ശ്രീ.അയ്യൂബ്.കെ എം.ബുക്ക്.243/16-17<br>ബിൽ - 62/31.03.2017<br>തുക – 99990 | | 99,990 | 94,991 | 4,999 |
| 8 | ഗോശാലിക്കൽ മുക്ക് കരിമ്പാലക്കുന്ന് റോഡ്,87/17<br>കരാറുകാരൻ – ശ്രീ.അഹമ്മദ്.പി.പി എം.ബുക്ക്.257/16-17<br>ബിൽ - 67/31.03.2017<br>തുക – 197550 | | 1,97,550 | 1,87,673 | 9,877 |
| 9 | കുന്തഞ്ചാരി 90ഏക്കർ റോഡ്, 512/17<br>കരാറുകാരൻ – ശ്രീ.കെ.അയ്യൂബ് എം.ബുക്ക്.239/16-17<br>ബിൽ - 64/31.03.2017<br>തുക – 112515 | | 1,12,515 | 1,06,889 | 5,626 |
| 10 | കീഴേടത്ത് റോഡ്,56/17<br>കരാറുകാരൻ - ശ്രീ.രാജേഷ് കുമാർ<br>എം.ബുക്ക്.253/16-17<br>ബിൽ - 71/31.03.2017<br>തുക – 211605 | | 2,11,605 | 2,01,025 | 10,580 |

| | | | | |
|---|---|---|---|---|
| | | | | |
| | ആകെ | | | 97,267 |

കരാറുകാരന്റെ ലാഭവും, ഓവർഹെഡ് ചാർജ്ജും 15% ൽ പരിമിതപ്പെടുത്താത്തിനാൽ മേൽ കൊടുത്ത കരാറുകാർക്ക് മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം ചെയ്ത പ്രവൃത്തിക്ക് 97,267/- രൂപ അധികം നൽകിയിട്ടുണ്ട്. ഇപ്രകാരം അധികമായി നൽകിയ 97,267/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രോജക്ടിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 മണ്ണ് ഫില്ലിംഗ് പ്രവൃത്തി - അധികനിരക്ക് നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

2016-17 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത മരാമത്ത് പ്രവൃത്തിയുടെ ഒരിനം മണ്ണ് ഫില്ലിംഗ് എന്നതാണ്. മണ്ണ് ഫില്ലിംഗിന് ഒരു ഘനമീറ്ററിന് 437.64, 380.55എന്നിങ്ങനെയാണ് നിരക്ക് അനുവദിച്ചത്(കോസ്റ്റ് ഇൻഡക്സ് 1.381). 1.1.15ന് ചീഫ് എഞ്ചിനിയർ(ബിൽഡിംഗ്സ്) തയ്യാറാക്കിയ സി.ഇ/ബി എൽ/ജി.എൽ/2014 നമ്പറിലുള്ള ഒബ്സർവ്ഡ് ഡാറ്റയിലെ മണ്ണ് ഫില്ലിംഗിനുള്ള നിരക്ക് താഴെ കൊടുത്ത പ്രകാരമാണ്.

50.2.26.1 – കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ്

| code | description | unit | quantity | rate | amount |
|---|---|---|---|---|---|
| | Details of cost for one cum | | | | |
| 0979 | Royalty for good earth | cum | 1 | 30 | 30 |
| 2241 | Carriage of good earth | cum | 1 | 133.11 | 133.11 |
| 0128 | Mate | Day | 0.01 | 363 | 3.63 |
| 0115 | Coolie | Day | 0.01 | 329 | 3.29 |
| 0101 | Bhisti | Day | 0.01 | 363 | 3.63 |
| | Total | | | | 173.66 |
| | Add water charges@1% | | | | 1.74 |
| | Total | | | | 175.40 |
| | Cost index 38.1% | | | | 66.83 |
| | Total | | | | 242.23 |
| | Add CPOH 15% | | | | 36.33 |
| | Total | | | | 278.56 |

താഴെ കൊടുത്ത മരാമത്ത് പ്രവൃത്തികളിൽ 437.64/-, 380.55/-എന്നിങ്ങനെയാണ് അനുവദിച്ചത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | മണ്ണ് ഫിൽ ചെയ്ത പ്രവൃത്തി | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|---|
| 1 | പ്രൊജക്ട്- പുത്തരിപ്പൊയിൽ കരിശ്ശുപാറ റോഡ്, 441/17<br>എംബുക്ക്- 114/16-17<br>പ്രവൃത്തിമൂല്യം - 300000രൂപ | ഇനം 1<br>167.58m3 | 167.58 x 437.64 x 81.39/100 = 59691.19<br>(ടെണ്ടർ കുറവ് -18.61%) | 167.58 x 278.56 x 81.39/100 = 37993.73<br>(ടെണ്ടർ കുറവ് -18.61%) | 21697 |

| | | | | | |
|---|---|---|---|---|---|
| | ചെലവ്- 200000രൂപ, ബിൽ നം.23/21.1.17<br>-19629, 42/27.3.17<br>കരാറുകാരൻ – ശ്രീ.ജമാൽ.ഇ | | | | |
| 2 | പ്രൊജക്ട്- പൂവത്തിങ്ങൽ എസ്.ടി. കോളനി റോഡ്, 401/17<br>എംബുക്ക്- 296/15-16, 102/16-17<br>പ്രവൃത്തിമൂല്യം - 292281രൂപ<br>ചെലവ്- 196264രൂപ, ബിൽ നം.21/21.1.17,<br>കൺവീനർ. ശ്രീമതി.തങ്കമ്മ.ടി.ജെ | ഇനം 9<br>88.92m3 | 88.92x380.55 = 33838.51 | 88.92 x 242.23<br>= 21539 | 12300 |
| | ആകെ | | | | 33997 |

ഇവിടെ ഉറസ്സായ സ്ഥലത്ത് മണ്ണ് ഫില്ലിംഗിനുള്ള ഇനമായ 50.2.26.1 എടുക്കേണ്ടതിന് പകരം വളരെ ചെറിയ ട്രെഞ്ച്, ഫൗണ്ടേഷൻ ഫില്ലിംഗിനുള്ള ഇനമായ 50.2.25.1 എടുത്തതിനാൽ 33,997/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല. നഷ്ടതുക ഉത്തരവാദിയായ 33,997/- രൂപ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## **3-4** <u>തൊഴിലുറപ്പ പദ്ധതിക്ക് സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ്.</u>

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയ 24 മെറ്റീരിയൽ വർക്കുകൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ.പി.ഹംസ എന്ന കരാറുകാരനുമായി നെഗോഷിയേറ്റ് ചെയ്ത് 5% കുറഞ്ഞ നിരക്കിൽ ടെണ്ടർ ഉറപ്പിക്കുകയും ചെയ്തു. ആയത് 05.01.2017ലെ 1/17(2) നം. തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. സാധനസാമഗ്രികൾ വിതരണം ചെയ്തതിന് 42,71,185/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ ഫോറം 8 ലുള്ള ബിൽ (rule.58, KVAT rules) സമർപ്പിക്കേണ്ടതാണെങ്കിലും കരാറുകാരൻ ബിൽ സമർപ്പിച്ചിട്ടില്ല. വാറ്റ് ബിൽ സമർപ്പിക്കാത്തതിനാൽ KVAT rules പ്രകാരം മേൽ പറഞ്ഞ സാധന സാമഗ്രികൾ വിറ്റ വകയിൽ കരാറുകാരനിൽ നിന്നും താഴെ പറയുന്ന നിരക്കിൽ വാറ്റ് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു.

10mm metal - 14.5%

20mm metal - 14.5%

40mm metal - 14.5%

Cement - 14.5%

M-sand - 14.5%

Quarry muck - 14.5%

എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്ന് 4% വാറ്റ് മാത്രമാണ് കുറവ് ചെയ്തത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ബിൽ തുക | ഈടാക്കിയ വാറ്റ് | സാധന സാമഗ്രികളുടെ വില | ഈടാക്കേണ്ട വാറ്റ് | കുറവ് |
|---|---|---|---|---|---|---|
| 1 | മാങ്കുന്ന് വില്ലേജ് റോഡ് കോൺക്രീറ്റ് (0-55) | 90321.30 | 3612.85 | 84521.3 | 12255.58 | 8643 |
| 2 | കുറ്റിപ്പുറം പാറ വെള്ളേരുകുന്ന് റോഡ് കോൺക്രീറ്റ് (0-101) | 229850.8 | 9134.032 | 215010.8 | 31176.56 | 22043 |
| 3 | ചക്കുങ്ങൽ നാരകത്തൊടി റോഡ് കോൺക്രീറ്റ് (0-100) | 227625.1 | 9105.004 | 212905.1 | 30871.24 | 21766 |
| 4 | തടപ്പറമ്പ് കോളനി റോഡ് കോൺക്രീറ്റ് (0-100) | 227625.1 | 9105.004 | 212905.1 | 30871.24 | 21766 |
| 5 | കൊളോറമ്മൽ റോഡ് കോൺക്രീറ്റ് (0-94) | 213914.7 | 8556.58 | 200114.72 | 29016.63 | 20460 |
| 6 | ലങ്ക എള്ളമ്മൽ റോഡ് കോൺക്രീറ്റ് (0-100) | 227625.1 | 9105.004 | 212905.1 | 30871.24 | 21766 |
| 7 | തോട്ടക്കാട് കൊളക്കാടൻമല റോഡ് (0-100) | 227625.1 | 9105 | 212905.1 | 30871.24 | 21766 |
| 8 | കുന്നേരി റോഡ് കോൺക്രീറ്റ് (0-76.5) | 168918.3 | 6756.73 | 157998 | 22910 | 16153 |
| 9 | കരിമ്പാലക്കുന്ന് കുട്ടിപ്പുറം പാറ റോഡ് കോൺക്രീറ്റ് (0-100) | 208743.5 | 8349.74 | 195423.5 | 28336.4 | 19987 |
| 10 | കൈക്കോട്ടുംപൊയിൽ മാങ്കുന്ന് നടപ്പാത കോൺക്രീറ്റ് (0-90) | 71374.6 | 2854.98 | 66734.6 | 9676.51 | 6822 |
| 11 | കളരിക്കണ്ടി ചപ്പിട്ടകണ്ടി റോഡ് കോൺക്രീറ്റ് (0-100) | 100307.5 | 4012.3 | 93947.5 | 13622.39 | 9610 |

| | | | | | | |
|---|---|---|---|---|---|---|
| 12 | പുൽപറമ്പിൽ കമ്മ്യൂണിറ്റി ഹാൾ നടപ്പാത കോൺക്രീറ്റ് (0-100) | 159364.1 | 6374.56 | 155364.1 | 22527.79 | 16153 |
| 13 | കൊത്തൻപറമ്പ് മുറത്തുംമൂല റോഡ് കോൺക്രീറ്റ് (0-90) | 204862.2 | 8194.48 | 191622.2 | 27785.2 | 19591 |
| 14 | പരത എസ്റ്റേറ്റ് റോഡ് കോൺക്രീറ്റ് (0-74) | 168394.4 | 6735.78 | 157514.4 | 22839.59 | 16104 |
| 15 | ചോലക്കുഴി നടപ്പാത കോൺക്രീറ്റ്(0-45) | 36228.94 | 1449.16 | 33868.79 | 4910.97 | 3462 |
| 16 | കൊളോറമ്മൽ റോഡ് കോൺക്രീറ്റ് (94-194) | 227625.1 | 9105.004 | 212905.1 | 30871.24 | 21766 |
| 17 | കൊളോറമ്മൽ റോഡ് കോൺക്രീറ്റ് (194-270) | 172487 | 6915.5 | 161327 | 23392 | 16477 |
| 18 | ലങ്ക എള്ളമ്മൽ റോഡ് കോൺക്രീറ്റ് (100-200) | 227625.1 | 9105.004 | 212905.1 | 30871.24 | 21766 |
| 19 | തടപ്പറമ്പ് കോളനി റോഡ് കോൺക്രീറ്റ് (100-120) | 45543.7 | 1821.75 | 42583.7 | 6174.63 | 4353 |
| 20 | തോട്ടക്കാട് കൊളക്കാടൻമല റോഡ് കോൺക്രീറ്റ് (100-115) | 18365.54 | 734.62 | 17165.54 | 2489 | 1754 |
| 21 | എളമ്പിലാശ്ശേരി റോഡ് കോൺക്രീറ്റ് (0-100) | 227625.1 | 9105.004 | 212905.1 | 30871.24 | 21766 |
| 22 | ലങ്ക എള്ളമ്മൽ റോഡ് കോൺക്രീറ്റ് (200-300) | 227625.1 | 9105.004 | 212905.1 | 30871.24 | 21766 |
| 23 | കുങ്കഞ്ചേരി റോഡ് കോൺക്രീറ്റ്(0-135) | 307296.9 | 12291.88 | 287456.9 | 41681.25 | 29389 |
| 24 | കളത്തിങ്ങൽ റോഡ് കോൺക്രീറ്റ് (0-150) | 254210.4 | 10168.41 | 237810.4 | 34482.5 | 24314 |
| | ആകെ | 4271185 | | | | 409443 |

സാധനങ്ങൾ വിതരണം ചെയ്തതിന് 42,71,185/- രൂപ കരാറുകാരന് നൽകിയെങ്കിലും ബില്ലിൽ നിന്നും 4% വാറ്റ്

മാത്രം ഈടാക്കിയതിനാൽ വാറ്റ് ഇനത്തിൽ 4,09,443/- രൂപ സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. കരാറുകാരനിൽ നിന്ന് നിയമാനുസൃത വാറ്റ് ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതും നഷ്ടത്തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 3-5 ടാറിന് അധികനിരക്ക് നൽകി

2016-17 ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ താഴെ കൊടുത്ത മരാമത്ത് പ്രവൃത്തികളിൽ ടാറിംങ് ഉൾപ്പെട്ടവയാണ്. 2017-ലെ ഡി.എസ്.ആർ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് കോസ്റ്റ് ഇൻഡക്സ് 1.381 ആണ് അനുവദിച്ചത്. ടാറിംങ് പ്രവൃത്തിക്ക് വിജി-30 ആണ് ഉപയോഗിച്ചത്. വിജി-30 ബിറ്റുമെൻ 2014-ലെ ഡി.എസ്.ആർ നിരക്ക് 41000/- രൂപയാണ്. ഇതിന് കോസ്റ്റ് ഇൻഡക്സ് അനുവദിച്ചാൽ എസ്റ്റിമേറ്റിൽ ടാറിങ് നിരക്ക് കണക്കാക്കിയത് ടാക്ക് കോട്ട്, ചിപ്പിംഗ് കാർപ്പറ്റ്, സീൽകോട്ട് എന്നീ ഇനങ്ങളാണ് ടാർ ഉപയോഗിച്ച് ചെയ്തത്.

സ.ഉ.(സാധാ) 789/2014 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന റോഡ് പണിക്ക് ടാർ ഉപയോഗിക്കുമ്പോൾ, ടാറിന്റെ വില ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് ആണ് അനുവദിക്കേണ്ടത് എന്ന് ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്) 08.08.2016-ലെ സർക്കുലർ സി.ഇ/ആർ & ബി/പ്രൈസ്/6725/2015 നമ്പർ സർക്കുലറിൽ 2016 ജൂലൈ മുതൽ സെപ്റ്റംബർ മാസം വരെ കാലയളവിലെ ടാറിന്റെ വില വ്യക്തമാക്കിയിട്ടുണ്ട്. 2015-16 , 2016-17 വർഷം ടാറിന്റെ മാർക്കറ്റ് വില ഡി.എസ്.ആർ നിരക്കിനേക്കാൾ കുറഞ്ഞ കാലയളവായിരുന്നു. 08.08.2016-ലെ സർക്കുലറിന് മുമ്പാണ് താഴെ കൊടുത്ത മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് (2/2016 തീയതി. എന്നാൽ ഈ സർക്കുലറിൽ വിജി-30 ടാറിന്റെ വിലയായ 30832.44/-രൂപയേക്കാൾ കുറവാണ് അതിന് മുമ്പത്തെ കാലയളവിൽ. 08.08.2016-ലെ വില കണക്കാക്കിയാൽ തന്നെ ഈ പ്രവൃത്തികളിൽ താഴെ കൊടുത്ത പ്രകാരം അധിക തുക നൽകുവാൻ ഇടയായി. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ. നം. | പ്രവൃത്തിയുടെ പേര്/ കരാറുകാരൻ/ കൺവീനറുടെ പേര്/ എം.ബുക്ക്, പ്രവൃത്തി മൂല്യം, ബിൽ നം, തുക, ടെണ്ടർ കുറവ് | വിനിയോഗിച്ച ടാർ | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|---|
| 1. | എടത്തിൽ മുലയിൽ റോഡ്.<br>ശ്രീ.എം.കുട്ടിഹസ്സൻ<br>270/2015-16<br>2 ലക്ഷം രൂപ<br>ബിൽ - 31/31.01.2017<br>തുക – 98017 | 1. ടാക്ക് കോട്ട്<br>333X 0.75= 249.75<br>2. ചിപ്പിംഗ് കാർപറ്റ്<br>333X1.44=479.52<br>ആകെ = 1055.61<br>3. സീൽകോട്ട്<br>333x0.98=326.34<br>ആകെ.1055.61 | 1055.61X41000 X1.381/1000 = 59770 | 1055.61X 30832.44/1000 = 32547 | 27223 |
| 2. | ചട്ടുലക്കണ്ടി മുണ്ടയിൽ റോഡ്<br>ശ്രീ.അഹമ്മദ് കുട്ടി, കെ.ഡി<br>312/2014-15<br>252900<br>ടെണ്ടർ കുറവ് - 15.7%<br>ബിൽ - 3/26.11.2016<br>തുക – 252900 | 1. ടാക്ക് കോട്ട്<br>408.2X0.75=306.15<br>2. ചിപ്പിംഗ് കാർപ്പറ്റ്<br>408.2X 1.44=587.808<br>3. സീൽകോട്ട്<br>408..2X0.98=400.03<br>ആകെ = 1293.99 | 1293.99X 41000 X 1.381 X 84.3/ 100000 =61764 | 1293.99 X 30832.44/ 1000 X 84.3/100 = 33633 | 28131 |
| 3. | ഊരാളികുന്ന് -കൊളക്കാടൻമല റോഡ്<br>ശ്രീ.കെ. അച്ചൂബ്<br>232/2016-17 | 1. ടാക്ക് കോട്ട്<br>455.3X0.75=341.48<br>2. ചിപ്പിംഗ് കാർപ്പെറ്റ് | 1443.3X41000 X 1.381 X 93.9 100000 | 1443.3X 30832.44/ 1000X | 34950 |

| | | | | | |
|---|---|---|---|---|---|
| | 45/27.03.2017<br>തുക – 187800<br>ടെണ്ടർ കുറവ് - 6.1% | 455.3X1.44=655.63<br>3. സീൽകോട്ട്<br>455.3X0.98=446.19<br>ആകെ=1443.3 | = 76736.10 | 93.9<br>100<br>= 41785.9 | |

90,304/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-6 പൂവ്വത്തിങ്കൽ എസ്.ടി.കോളനി റോഡ് (253/2016) – കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിന് വിനിയോഗിച്ചില്ല.

എസ്റ്റിമേറ്റ് തുക - 3 ലക്ഷം രൂപ

ബിൽ നം. - 21/21.01.2017, തുക - 1,96,264/-

എം.ബുക്ക് - 296/2015-16, 102/2016-17

കൺവീനർ - ശ്രീമതി.തങ്കമ്മ ടി.ജെ

പ്രവൃത്തിയുടെ ഒന്നാം ഇനം കൾവർട്ടിന് വേണ്ടി മണ്ണ് കിളച്ചെടുക്കലാണ്. ഇത് പ്രകാരം 19.76 എം3 മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. (എം.ബുക്ക് 102/2016-17 പേജ് 1 കാണുക). ഈ എസ്റ്റിമേറ്റിലെ അവസാന ഇനം (ഇനം.9) മണ്ണ് ഫില്ലിംഗ് ആണ്. ആയത് പ്രകാരം 88.92 എം3 മണ്ണ് ഫിൽ ചെയ്തതായി കാണുന്നു. (എം.ബുക്ക് 269/2015-16 പേജ് 25 കാണുക.) ഇതിന് ഫൈനൽ ബില്ലിൽ ഒരു ഘനമീറ്ററിന് 380.55 രൂപ നിരക്കിൽ 33,838.51 രൂപ അനുവദിച്ചിട്ടുണ്ട് (88.92 X 380.55 = 33838.511). എന്നാൽ 19.76 എം.3 ണ്ണ് ആദ്യ ഇനമായി കിളച്ചെടുത്ത് ഫില്ലിംഗിനായി വിനിയോഗിച്ചതായി കാണുന്നില്ല. കൂടാതെ ഇത്തരത്തിൽ കിളച്ചെടുത്ത് മണ്ണ് ഫില്ലിംഗിന് പറ്റിയതല്ലെ എന്ന് എം.ബുക്കിൽ രേഖപ്പെടുത്തിയില്ല. അതിനാൽ ഇനം 1 ൽ കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിന് വിനിയോഗിച്ചതായി കണക്കാക്കിയാൽ , ഫില്ലിംഗിന് അവസാന ഇനം ആയി നൽകിയ 19.76 എം.3 മണ്ണിന്റെ വില അധികമാണ്. പ്രസ്തുത അധിക തുക 19.76 X 380.55= 7,520/-രൂപ ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി പ്ലാൻ ഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

## 3-7 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തിലെ എട്ടാം തരം പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് പഞ്ചായത്ത് വക സൈക്കിൾ.

നിർവ്വഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ്സ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ വസിക്കുന്നതും, എട്ടാം തരത്തിൽ പഠിക്കുന്നതുമായ മുഴുവൻ വിദ്യാർത്ഥിനികൾക്കും സൈക്കിൾ വാങ്ങി നൽകുന്നതിനായിട്ടാണ് പദ്ധതി രൂപീകരിച്ച് സബ്സിഡി അനുവദിച്ചത്.

| പദ്ധതിയുടെ പേര്, നം | അടങ്കൽ തുക | ചെലവ് തുക | ബിൽ നം, തീയ്യതി |
|---|---|---|---|
| ക്ലാസ്സ് 8 ൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം, 531/16-17 | 13,00,000/-<br>(വികസന ഫണ്ട്) | 9,47,100/-<br>[246x 3667 = 902082 + 45104 (Vat5%)= 9,47,100] | 6/16-17, 31.03.2017 |

എസ്.കെ.ബൈക്കസ് പ്രൈവറ്റ് ലിമിറ്റഡ്, ലുധിയാന, പഞ്ചാബ് എന്ന സ്ഥാപനം ഉൽപ്പാദിപ്പിച്ച സൈക്കിൾ റിയൽ ഗ്രൂപ്പ് ഓഫ് കമ്പനീസ്, കുറ്റൂർ നോർത്ത് (പി.ഒ), മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 11.01.2016 ലെ (എം.എസ്)4/2016/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവ് അനുബന്ധം.15 ഖണ്ഡിക.6.8.(5) പ്രകാരം (2012-17പുതുക്കിയ സബ്സിഡി മാർഗ്ഗരേഖ) 10-ാം തരം പഠിക്കുന്ന പട്ടികജാതി/ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമേ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിലവിൽ സൈക്കിൾ വാങ്ങി വിതരണം നടത്താവൂ. പൊതു വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സബ്സിഡി അനുവദിക്കാവുന്നതല്ല.
2. 08.11.2010 ലെ (പി)259/2010/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈമാറികിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനു വേണ്ടി സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 1,00,000/- രൂപയിൽ കൂടുതൽ മതിപ്പ് വില വരുന്ന പർച്ചേയ്സുകൾക്കുള്ള ടെണ്ടറുകൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, മലയാള ദിനപത്രത്തിലും പരസ്യം ചെയ്യണം. എന്നാൽ 17.03.2017 ലെ ദേശാഭിമാനി പത്രത്തിൽ മാത്രമാണ് ടെണ്ടർ പരസ്യം പ്രസിദ്ധീകരിച്ചത്.
3. 17.05.2014 ലെ (പി)06/2014/എസ്.പി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ട്മെന്റിൽ രജിസ്റ്റർ ചെയ്ത മൈക്രോ & സ്മോൾ എന്റർപ്രൈസസ് സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത സ്ഥാപനം തന്നെ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന സാധനങ്ങൾ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സർക്കാർ/പൊതുമേഖല/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങുന്നതിന് നിയമ തടസ്സമില്ല. (ടെണ്ടർ നടപടികളിൽ സർക്കാർ അനുവദിച്ച ഇളവ് കാലയളവിനുള്ളിൽ). എന്നാൽ കേരള സംസ്ഥാന വ്യവസായ വകുപ്പിൽ മൈക്രോ & സ്മോൾ എന്റർപ്രൈസസ് എന്ന തരത്തിൽ രജിസ്റ്റർ ചെയ്ത റിയൽ ഗ്രൂപ്പ് ഓഫ് കമ്പനീസ് എന്ന സ്ഥാപനം വിതരണം നടത്തിയത് മേൽ സ്ഥാപനം ഉൽപ്പാദിപ്പിക്കാത്ത സൈക്കിളുകളാണ്. സൈക്കിളിന്റെ പൊതു വിപണിയിലെ വില ഡി.ജി.എസ് &ഡി. വകുപ്പിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ നിന്നോ, അംഗീകൃത ഡീലർമാരിൽ നിന്നോ വാങ്ങുന്നതാണ് കൂടുതൽ ലാഭകരം എന്ന സാദ്ധ്യത പർച്ചേസിംഗ് കമ്മിറ്റിയോ, നിർവഹണ ഉദ്യോഗസ്ഥയോ പരിശോധിച്ചിട്ടില്ല. [കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക 9.47]

സർക്കാർ പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. പദ്ധതിക്കായി ചെലവഴിച്ച തുക 9,47,100/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും പദ്ധതിക്ക് അംഗീകാരം നൽകിയ ഉദ്യോഗസ്ഥയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-8 പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ വിദ്യാഭ്യാസ മേഖലയിൽ പരിശീലന പരിപാടികൾ നടപ്പാക്കി.

നിർവ്വഹണം: ഹെഡ് മിസ്ട്രസ്സ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്. 166(1) പ്രകാരം സർക്കാർ പ്രീ-പ്രൈമറി, പ്രൈമറി സ്കൂളുകളുടെ നടത്തിപ്പാണ് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദനീയമായ ചുമതല. 18.01.1996ലെ (എം.എസ്) 14/96/പൊ.വി. നം. ഉത്തരവിലൂടെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

11.01.2016 ലെ (എം.എസ്)4/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ)തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കാതെ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽപെട്ട കാര്യങ്ങളും പദ്ധതികളായി നടപ്പാക്കിയിട്ടുണ്ട്. ഇംഗ്ലീഷ് പോഷണ പരിപാടി, അവധികാല പ്രവർത്തനങ്ങൾക്കുള്ള വർക്ക് ബുക്ക്, ബാലദർശൻ ടെലി കാസ്റ്റിംഗ്, ഗ്രാമപഞ്ചായത്ത് പരിധിയിലെ വിദ്യാലയങ്ങൾക്ക് ശാസ്ത്ര മാസിക വാങ്ങി

നൽകൽ തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തിയാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയത്. പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും, പഠന നിലവാരം ഉയർത്തുന്നതിനും വേണ്ടി പഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങളിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ. പ്രോജക്ടുകളിൽ ഉൾപ്പടുത്തിയാണ് നടപ്പാക്കേണ്ടയിരുന്നത്. പദ്ധതികൾക്കായി പഞ്ചായത്ത് ഫണ്ട് വകയിരുത്തിയതിന്റേയും, ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി പേര്, നം | അടങ്കൽ തുക | ചെലവഴിച്ച തുക | ബിൽ. നം, തീയ്യതി |
|---|---|---|---|
| സമഗ്ര വിദ്യാഭ്യാസ പരിപാടി, 72/16-17 | 5,00,000/- | 3,20,169/- | 4/16-17, 31.03.2017 (1,07,000)<br>5/16-17, 31.03.2017 (2,13,169) |
| പദ്ധതിയിലൂടെ നടപ്പാക്കിയ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു. | | | |
| 1. ഇംഗ്ലീഷ് പോഷണ പരിപാടി. - ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിലെ നാലാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് ആംഗ്ലോ ഇൻഡ്യൻ റിസോഴ്സ് പേഴ്സണിനെ ഉപയോഗിച്ച് പരിശീലനം. ഇതിനായി ചെലവഴിച്ചത് 40,000/- രൂപ | | | |
| 2. കുട്ടികൾക്ക് അവധികാല വർക്ക് ബുക്ക് - പ്രിന്റിംഗ് ചെലവ് - 30,000/- | | | |
| 3. കുട്ടികൾക്ക് ട്രോഫി - 7,000/- | | | |
| 4. ക്ലാസ്സ് റൂമിൽ ഡെമോ പോസ്റ്ററസ് - 26,250/- | | | |
| 5. ടെലിസ്കോപ്പ് - 44,602/- | | | |
| 6. ഫർണിച്ചർ - 1,38,317/- | | | |
| 7. ശാസ്ത്ര കേരളം യുറീക്ക - 29,600/- | | | |
| 8. പെൻ - 320 x 9 = 2,880/- | | | |
| 9. പെൻസിൽ - 320 x 5 = 1,600/- | | | |

പദ്ധതികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട മറ്റ് അപാകതകളും താഴെ പറയുന്നു.

- പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഉത്തവ് അനുബന്ധം-1 ഖണ്ഡിക 6(iv) പ്രകാരം പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുമ്പോൾ ഹോണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ളവരെ ഉൾപ്പെടുത്തി ചെയ്യണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മേൽ നിർദ്ദേശം പാലിച്ചില്ല.
- പദ്ധതി നടപ്പാക്കുന്നതിനായി വിദ്യാർത്ഥികളിൽ നടത്തിയ വിവരശേഖരണം, ആയതിനനുസരിച്ച് ഫാക്കൽറ്റികളെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ, ഓണറേറിയം നിശ്ചയിച്ച് നൽകിയത് എന്നിവ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

വിദ്യഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പാഠ്യവിഷയങ്ങൾ വിദ്യാർത്ഥികൾക്ക് പറഞ്ഞ് കൊടുക്കേണ്ടതും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രത്യേക ശ്രദ്ധ നൽകി ഉയർത്തി കൊണ്ട് വരേണ്ടതും ആ വകുപ്പിൽ നിയമിതരായ അദ്ധ്യാപകരുടെ ചുമതലയാണ്. ഈ വിഭാഗത്തെ സഹായിക്കുന്നതിനായിട്ടാണ് കേന്ദ്ര സർക്കാരിന്റെ നേതൃത്വത്തിൽ എസ്.എസ്.എ. പോലുള്ള വിഭാഗങ്ങളെയും നിയമിച്ചിട്ടുള്ളത്. പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടില്ലാത്ത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലകളും, പ്രവർത്തനങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുപണത്തിന്റെ ആവർത്തന ചെലവ് വരുത്തിയത് ഓഡിറ്റിൽ നിരാകരിക്കുന്നു. ചെലവഴിച്ച തുകയിൽ 77,000/-രൂപ (ക്രമ നം.1,2,3) നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും, പദ്ധതിക്ക് അംഗീകാരം നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും തിരികെയീടാക്കേണ്ടതാണ്.

## 3-9 സർവ്വ ശിക്ഷ അഭിയാൻ പദ്ധതിക്ക് വിഹിതം നൽകിയത് സംബന്ധിച്ച്.

നിർവ്വഹണം: ഹെഡ്മിസ്ട്രസ്സ്

പ്രോജക്ട് പേര്, നമ്പർ :എസ്.എസ്.എ. പദ്ധതിയ്ക്ക് വിഹിതം നൽകൽ, 50/16-17

അടങ്കൽ തുക – 7,00,000/- (വികസന ഫണ്ട്)

ചെലവ് തുക – 7,00,000/- (ബിൽ. നം.1/16-17, 20.12.2016)

ആറ് വയസ്സ് മുതൽ പതിനാല് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതം നൽകുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും മേൽ വിവരിച്ച തരത്തിൽ തുക പിൻവലിച്ച് എസ്.എസ്.എ. ജില്ലാ പ്രോജക്റ്റ് ഓഫീസർ അനുവദിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 11.01.2016ലെ(എം.എസ്)04/2016/ത.സ്വ.ഭ.വ എന്നീ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം [പന്ത്രണ്ടാം പഞ്ചവൽസര പുതുക്കിയ പദ്ധതി മാർഗ്ഗരേഖ] തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി വകയിരുത്തണം. അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാവണം. ഇത്തരത്തിൽ തയ്യാറാക്കുന്ന പദ്ധതി ഭരണസമിതി അംഗീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. എന്നാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ അഭിപ്രായങ്ങളോ, ശുപാർശകളോ വിലയിരുത്തിയിട്ടല്ല എസ്.എസ്.എ. പദ്ധതികൾക്കായി തുക അനുവദിച്ചത്.
2. എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്ത് തലത്തിലുള്ള വിദ്യാലയങ്ങളിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് വർഷത്തിൽ എസ്.എസ്.എ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട്, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ചെലവ് തുക 7,00,000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 3-10 പെയിൻ & പാലിയേറ്റീവ് പദ്ധതി - മരുന്നിനായി തുക അടവാക്കിയെങ്കിലും ലഭ്യമായില്ല.

പദ്ധതി പേര്, നം : പെയിൻ & പാലിയേറ്റീവ് ഹോം കെയർ, 106/16-17

നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അടങ്കൽ തുക : 6,15,000/- രൂപ (വികസന ഫണ്ട്)

ചെലവ് തുക : 5,91,092/-രൂപ

പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ബിൽ നം.8/16-17, 30.03.2017 പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ കോർപ്പറേഷനിൽ 1,44,200/- രൂപ അടവാക്കിയെങ്കിലും ഓഡിറ്റ് കാലയളവ് വരേയും ആയത് ലഭ്യമായിട്ടില്ല. 1996 കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ, ചട്ടം. 6(3) പഞ്ചായത്തിൽ ഏതെങ്കിലും സാധനങ്ങൾ സംഭരിച്ച് കൊടുക്കുന്നതിനോ, സേവനം ലഭ്യമാക്കുന്നതിനോ അതിനു വേണ്ടിയുള്ള കരാറുകൾ രേഖാമൂലമായിരിക്കേണ്ടതും, ആ കരാറിൽ ചെയ്യേണ്ട ജോലിയുടെ വിശദവിവരം ലഭ്യമാക്കുന്ന സാധനങ്ങളുടെ വിവരം, ഗുണനിലവാരം, സേവനം ഏത് പ്രകാരത്തിലും ഏത് കാലയളവിൽ വരെ ആയിരിക്കണമെന്ന വിവരം, സാധനങ്ങൾ ലഭ്യമാകേണ്ട തീയതി എന്നിവ അതത് സംഗതി പോലെ വ്യക്തമായി പറഞ്ഞു കൊണ്ട് തയ്യാറാക്കണം. എന്നാൽ പ്രസ്തുത രീതിയിലുള്ള കരാർ പത്രം തയ്യാറാക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ തുക അനുവദിച്ചത്.

01.07.2017 മുതൽ രാജ്യത്ത് ജി.എസ്.ടി. നടപ്പാക്കിയതിനാൽ സപ്ലൈ ചെയ്യുന്ന മരുന്നുകൾക്ക് അധിക നിരക്കിൽ നികുതി നൽകേണ്ടി വരും. ആയതിനാൽ തന്നെ സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് പ്രകാരമുള്ള നിരക്കിൽ മരുന്നുകൾ സപ്ലൈ ചെയ്യാൻ കഴിയുകയില്ല. ഇതിനാൽ ഡിസ്പെൻസറിയിലേക്ക് ആവശ്യപ്പെട്ട അളവിൽ മരുന്നുകൾ ലഭ്യമാവില്ല. വിതരണ കാലാവധി നിർണ്ണയിച്ച് കൃത്യമായി കരാറിലേർപ്പെടാതിരുന്നതിനാൽ കേരള മെഡിക്കൽ കോർപ്പറേഷൻ മരുന്നുകൾ സപ്ലൈ ചെയ്യുന്നത് അകാരണമായി നീട്ടികൊണ്ടു പോകുന്നതിനെതിരെ നടപടികൾ സ്വകരിക്കുവാൻ പഞ്ചായത്തിന് സാധിക്കില്ല. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും വന്ന വീഴ്ചയാണ്. ആയതിനാൽ നിർവ്വഹണ ഏജൻസിക്ക്

അനുവദിച്ച തുകയിൽ വർദ്ധനവ് വരുത്താതെയും, ഇൻവോയ്സ് പ്രകാരമുള്ള അളവിലും നിരക്കിലും മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ചെലവ് തുകയിൽ ബിൽ നം.8 പ്രകാരമുള്ള 1,44,200/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-11 വയോജനങ്ങൾക്ക് പഞ്ചായത്ത് വക ഭക്ഷണ വിതരണ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ആരോഗ്യം)

പ്രോജക്ട് പേര്, നമ്പർ - വയോജന മന്ദിരം - 358/16-17

അടങ്കൽ തുക – 4,90,000/- ( വികസന ഫണ്ട്)

ചെലവ് തുക – 3,96,693/-

(ബിൽ നം, തീയ്യതി. 7/16-17, 29.03.2017 – 2,08,243/-, 12/16-17, 31.03.2017 – 1,88,450)

ഗ്രാമപഞ്ചായത്ത് പരിധിയിൽ വസിക്കുന്ന വയോജനങ്ങൾക്ക് പകൽ സമയങ്ങളിൽ ഒത്ത് ചേരുന്നതിനും മറ്റുമായിട്ടാണ് വയോജനമന്ദിരം ആരംഭിച്ചത്. വയോജനമന്ദിരത്തിൽ വരുന്നവർക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ട്. ഈയിനത്തിൽ ബിൽ നം.12/16-17 പ്രകാരം 48,330/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

- 11.01.2016 ലെ (എം.എസ്)4/2016/ത.സ്വ.ഭ.വ. നം. സർക്കാർ ഉത്തരവ് ഖണ്ഡിക.11.10.vii. പ്രകാരം (2012-17പുതുക്കിയ സബ്സിഡി മാർഗ്ഗരേഖ) പ്രകാരം അങ്കണവാടി പോഷകാഹാരം, നിർധനരായ രോഗികൾ ആശുപത്രിയിൽ കഴിയുന്ന സമയങ്ങളിലുള്ള ആഹാരം, ബഡ്സ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഭക്ഷണം എന്നീ പറഞ്ഞ വിഭാഗങ്ങൾക്ക് മാത്രമേ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പോഷകാഹാര/ഭക്ഷണ വിതരണ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കാൻ പാടുള്ളൂ. മറ്റ് വിഭാഗങ്ങൾക്കുള്ള പോഷകാഹാര/ഭക്ഷണ വിതരണ പരിപാടികൾ ഒന്നും തന്നെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതി തുക ചെലവഴിച്ച് നടപ്പാക്കാൻ പാടുള്ളതല്ല. പകൽ വീടുകളിൽ വരുന്നവർക്ക് ഭക്ഷണം നൽകുകയാണെങ്കിൽ അതിനുള്ള വിഹിതം പ്രാദേശിക വിഭവസമാഹരണത്തിലൂടെയും, സ്പോൺസർഷിപ്പിലൂടെയുമാണ് കണ്ടെത്തേണ്ടത്.

പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ പ്രകാരവും അനുമതിയില്ലാത്തതും, സർക്കാർ പ്രത്യേകമായി ഏൽപ്പിച്ചിട്ടില്ലാത്തതുമായ പ്രവർത്തനങ്ങൾക്ക് പദ്ധതി രൂപീകരിച്ച് പണം ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഭക്ഷണത്തിനായി ചെലവഴിച്ച തുക 48,330/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെയീടാക്കേണ്ടതാണ്.

## 3-12 പെയിൻ പാലിയേറ്റീവ് ജീവനക്കാരുടെ വേതനം പ്രതിമാസം നൽകുന്നില്ല.

29.10.2015 ലെ (സാധാ) 3217/2015/ത.സ്വ.ഭ.വ. നം ഉത്തരവിലൂടെ പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങലിൽ നടപ്പിലാക്കുന്നതിനായി സർക്കാർ പുതുക്കിയ മാർഗനിർദശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക.2.811 ൽ പാലിയേറ്റിവ് പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ട നഴ്സിനു ഓരോ മാസത്തേയും ഓണറേറിയം അടുത്ത മാസം 10 നകം നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുവാൻ പാടുള്ളതല്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിക്ക് ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കാൻ വൈകുന്നത് കൊണ്ട് പദ്ധതി പണം വിനിയോഗിച്ച് ഓണറേറിയം നൽകുവാൻ കഴിയാതെ വന്നാൽ, അങ്ങനെയുള്ള മാസങ്ങളിൽ തനത് ഫണ്ട് വിനിയോഗിച്ച് താൽകാലികമായി ഓണറേറിയം നൽകേണ്ടതും, പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറക്ക് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്ലപ്പ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ സർക്കാർ ഉത്തരവിലെ നിർദശങ്ങൾ പാലിക്കാതെ നഴ്സിന് ഓണറേറിയം അനുവദിക്കുന്നതിന് പഞ്ചായത്ത് അധികാരികൾ കാലതാമസം വരുത്തി. പദ്ധതി ആരംഭിച്ച് 7 മാസത്തിന് ശേഷമാണ് നഴ്സിന് ഓണറേറിയം അനുവദിക്കുന്നത്. പഞ്ചായത്ത് അധികൃതരുടെ മേൽ നടപടി

അംഗീകരിക്കാവുന്നതല്ല. സർക്കാർ നിർദേശങ്ങൾ പാലിച്ചു കൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതും ജീവനക്കാരുടെ വേതനം പ്രതിമാസം നൽകേണ്ടതുമാണ്.

## 3-13 കീപ്പേടത്ത് റോഡ് പ്രവൃത്തി - എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തിയും ചെയ്തില്ല.

പ്രോജക്റ്റ് നം. - 56/2017, എസ്റ്റിമേറ്റ് തുക - 4 ലക്ഷം

ബിൽ നം. - 71/31.03.2017, തുക - 211605

എം.ബുക്ക് - 253/2016-17, കരാറുകാരൻ - രാജേഷ് കുമാർ, ടെണ്ടർ കുറവ് - 9.9%

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം മഴക്കാലത്ത് റോഡിലൂടെയുള്ള യാത്ര ദുസ്സഹമായതിനാൽ ഇടിയാനുള്ള സാദ്ധ്യത ഇല്ലാതാക്കി , റോഡ് സൈഡ് കെട്ടി, റീ ടാറിംഗ് ചെയ്യുക എന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യ 4 ഇനം റോഡ് സൈഡ് കെട്ടുന്നതിനും, തുടർന്ന് 5 ഇനം റീ ടാറിംഗിനുമാണ്. അതിന്റെ അടിസ്ഥാനത്തിൽ 4 ലക്ഷം രൂപയും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുള്ളത്.

27.03.2017-ലെ പഞ്ചായത്ത് തീരുമാനം 73 പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ് സൈഡ് കെട്ടി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സൈഡ് കെട്ട് ഒഴിവാക്കി ചെയ്ത പ്രവൃത്തിക്ക് ഫൈനൽ ബിൽ നൽകാൻ തീരുമാനിച്ചു. മഴക്കാലത്ത് റോഡ് ഇടിച്ചിൽ ഉള്ളതിനാലാണ് സൈഡ് കെട്ടൽ പ്രൊവിഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. റീ ടാറിംഗിനായി 2016-17 വർഷം ഈ പ്രവൃത്തിക്ക് 211605/-രൂപ ചെലവഴിച്ചതിൽ, തുടർന്നുള്ള മഴക്കാലങ്ങളിൽ റോഡ് ഇടിച്ചിൽ കാരണം റോഡ് പൊട്ടിപ്പൊളിയാനിടയുള്ള, ചെലവ് തുക നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ദീർഘ വീക്ഷണമില്ലാതെ പ്രവൃത്തി ചെയ്തതിനാൽ 211605/-രൂപ വൃഥാവിലാവാൻ സാധ്യതയുണ്ട്. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-14 ഹൈക്കോടതി വിധി - തുടർ നടപടികൾ സ്വീകരിച്ചില്ല

വൗച്ചർ നം. 21600562 - തീയതി 08.09.2016

തുക - 5,000/-

ശ്രീ അബ്ദുൾ അലി പള്ളിക്കൽ ബസാർ മലപ്പുറം ജില്ല എന്നയാൾക്ക് ഗ്രാമപഞ്ചായത്തിലെ കൊടിയത്തൂർ വില്ലേജിൽ റി.സ. 172 ൽ പ്പെട്ട ഭൂമിയിൽപ്പെട്ട കണ്ണാട്ട് കുഴിയിൽ എന്ന സ്ഥലത്ത് ചെങ്കൽ ഖനനം നടത്തുന്നതിന് കോഴിക്കോട് മൈനിംഗ് & ജിയോജളി വകുപ്പ് അനുമതി നൽകിയിരുന്നു. (ഉത്തരവ് നം. 20/2015-16/LTS/CRPS/DO2/M.1328/15 തീയതി 05/08/2015)

ഈ ക്വാറിക്കെതിരെ പൊതുജനങ്ങൾ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 28.12.2015-ലെ ഭരണസമിതി യോഗത്തിലെ 29210 നമ്പർ തീരുമാന പ്രകാരം ചെങ്കൽ ക്വാറിയുടെ പ്രവർത്തനം നിർത്തി വെക്കുകയുണ്ടായി (ഉത്തരവ് നം. എ3-10102/15(2) തീയതി 30.12.2015)

ഇതിനെതിരെ ശ്രീ അബ്ദുൾ അലി ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയുണ്ടായി (WP (c) ) No. 1152/16). ഇതുമായി ബന്ധപ്പെട്ട് ശ്രീ ഉണ്ണികൃഷ്ണൻ വക്കീലിന് ഫീ ഇനത്തിൽ മേൽ വൗച്ചർ പ്രകാരം 5,000/-രൂപ അനുവദിച്ചിട്ടുണ്ട്. ഹൈക്കോടതിയുടെ അന്തിമ വിധിയിൽ കോഴിക്കോട് (C.W.R.D.M. നോട് ഈ ചെങ്കൽ ഖനനത്തെക്കുറിച്ച് വിശദമായ റിപ്പോർട്ട് 2 ആഴ്ചക്കകം സമർപ്പിക്കാനും അതിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിൽ അറിയിച്ച് പെർമിറ്റിൽ അനന്തര നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു WP(C) No. 1152/16 – 16.07.2016)

12/08/2016 ന് C.W.R.D.M. പഞ്ചായത്തിലെ ഈ മേഖലിയിലും സമീപ പ്രദേശങ്ങളിലും വേർതിരിക്കുന്ന ഖനനങ്ങൾ സംബന്ധിച്ച് വിശദാംശവും C.W.R.D.M. ന്റെ അന്തിമ റിപ്പോർട്ടും മൈനിംഗ് & ജിയോളജി വകുപ്പിന് ബഹു. ഹൈക്കോടതി നിർദ്ദേശം നടപ്പാക്കാതിരുന്നത് കോടതി അലക്ഷ്യമാണ്. ഈ കാര്യത്തിൽ എത്രയും പെട്ടെന്ന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 സർക്കാർ ഉത്തരവിന് വിരുദ്ധമായി ഫണ്ട് വകമാറ്റി വകയിരുത്തി

വി.പി മൊയ്തീൻ സാംസ്കാരിക നിലയം, നോർത്ത് കാരശ്ശേരി സാംസ്കാരിക നിലയം എന്നീ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിയും, പെയിന്റിംഗിനുമായി 2015-16 വർഷം 490000/-രൂപ തനത് ഫണ്ട് വകയിരുത്തി 2015-16 വർഷം പദ്ധതി തയ്യാറാക്കി. പ്രൊജക്ട് നം. 526/2016 കാണുക (ടി.എസ്.നമ്പർ 1111/2015-16, 1112/2015-16 കാണുക). 2016 മാർച്ച് മാസം ഗുണഭോക്തൃ കമ്മിറ്റിയെ ഏൽപ്പിച്ച പ്രവൃത്തി 2016-17 പൂർത്തിയായി. 332033/-രൂപ ഫൈനൽ ബിൽ അനുവദിച്ചു. (ബിൽ നം. 54/31.03.2017). 2016-17 വർഷം സ്പിൽ ഓവർ പദ്ധതിയായാണ് ഇത് നടപ്പാക്കിയത്. എന്നാൽ പദ്ധതി സ്പിൽ ഓവർ ആയപ്പോൾ പദ്ധതി അടങ്കൽ ആയ 490000/- രൂപ തനത് ഫണ്ട് വകയിരുത്തേണ്ടതിന് പകരം 82787/-രൂപ വികസന ഫണ്ടും, 407213/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റുമാണ് വകയിരുത്തിയത്.

ജി.ഒ(ആർ.ടി) 2168/2016 തീയതി 19.07.2016 ഉത്തരവ് പ്രകാരം തനത് ഫണ്ട് പദ്ധതികൾ ഭേദഗതി വരുത്തി പദ്ധതി വിഹിതം വിനിയോഗിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ് എന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ ഇവിടെ തനത് ഫണ്ട് മേൽ പദ്ധതിക്ക് വകയിരുത്തിയതിന് സർക്കാർ അനുമതി ലഭിച്ചതായി കാണുന്നില്ല.

സർക്കാർ അനുമതിയുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ഇതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 3-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- അപാകതകൾ

പ്രൊജക്ട് നം 223/17

ബിൽനം 18/16-17 /22-2-17 തുക 250000

ഫണ്ട് (എസ്.സി.പി)

2016-17 സാമ്പത്തിക വർഷത്തിൽ 5 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിച്ച് നൽകാനുള്ള പ്രൊജക്ട്. ഇതിനു വേണ്ടി 50,000/- രൂപ വീതം ഗുണഭോക്താക്കളുടെ എക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
ജി.ഒ.(ആർ.ടി.) നം. 626/2016. ത.സ്വ.ഭ.വ. 16.02.2016 പ്രകാരം പുതിയ മുറി നിർമ്മിക്കുന്നതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനീയർ അളവെടുക്കണം. 4 ഗുണഭോക്താക്കൾ (ചേവി എ.പി, പുഷ്പ, വേലായുധൻ, ഹരിദാസൻ) പഠനമുറി നിർമ്മിക്കാൻ വേണ്ടി ഇപ്രകാരം എഞ്ചിനീയർ അളവെടുക്കുകയോ, പ്രൊജക്ട പ്രകാരം പ്രവർത്തി നടത്തുകയോ ചെയ്തതായി ഫയലിൽ നിന്നും ലഭ്യമല്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിട്ടില്ല. അപാകത പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-17 വരൾച്ച ദുരിതാശ്വാസം - സർക്കാർ നിശ്ചയിച്ച പരിധിയിൽ കവിഞ്ഞ് ചെലവഴിച്ചു.

22.04.2016 ലെ (സാധ)നം.1510/2016/ ത.സ്വ.ഭ.വ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വരൾച്ച ദുരിതാശ്വാസം പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാവുന്ന തുകയുടെ പരിധി സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ചെലവഴിക്കാവുന്ന തുക 10,00,000/-

രൂപയാണ്. എന്നാൽ മേൽ ഉത്തരവിലെ നിബന്ധന പാലിക്കാതെ തൻവർഷം ചെലവ് ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൌച്ചർ നം, തീയ്യതി | തുക |
|---|---|---|
| 1 | 21600094, 23.04.2016 | 65,600 |
| 2 | 21600095, 28.04.2016 | 82,400 |
| 3 | 21600100, 28.04.2016 | 28,700 |
| 4 | 21600129, 05.05.2016 | 61,900 |
| 5 | 21600145, 09.05.2016 | 26,500 |
| 6 | 21600130, 05.05.2016 | 49,900 |
| 7 | 21600146, 10.05.2016 | 33,200 |
| 8 | 21600147, 10.05.2016 | 40,500 |
| 9 | 21600169, 20.05.2016 | 47,600 |
| 10 | 21600170, 20.05.2016 | 62,900 |
| 11 | 21600171, 20.05.2016 | 33,500 |
| 12 | 21600175, 21.05.2016 | 77,100 |
| 13 | 21600180, 26.05.2016 | 1,47,800 |
| 14 | 21600201, 28.05.2016 | 97,600 |
| 15 | 21600202, 28.05.2016 | 78,500 |
| 16 | 21600204, 17.10.2016 | 51,900 |
| 17 | 21600251, 03.06.2016 | 63,600 |
| 18 | 21600352, 01.07.2016 | 2,17,600 |
| 19 | 21601610, 31.03.2017 | 71,628 |
| 20 | 21601611, 31.03.2017 | 16,872 |
| | ആകെ | 13,55,300 |

2016 മാർച്ചിൽ പ്രസ്തുത ആവശ്യത്തിനായി 3,32,100/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 16,88,000/- രൂപ. സർക്കാർ ഉത്തരവിലെ പരിധിയിൽ കവിഞ്ഞ ചെലവിന് സാധൂകരണം നൽകുന്നതിനായി 25.06.2016 ലെ ഭരണസമിതി യോഗത്തിൽ അപേക്ഷിക്കാൻ തീരുമാനിക്കുകയും, 03.09.2016 ലെ എ.2/8703/16 നം കത്തിലൂടെ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് പ്രസിഡന്റ് കത്ത് നൽകിയെങ്കിലും അധികം ചെലവഴിച്ച തുകക്ക് സാധൂകരണം ലഭിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ അധികമായി ചെലവഴിച്ച തുകക്ക് (3,55,300/- രൂപ) സാധൂകരണം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 3,55,300/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-18 അസാധാരണ ചെലവുകൾ പരിധിയിൽ കവിഞ്ഞു.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവ്) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന് തങ്ങൾക്കു ലഭ്യമാകുന്ന തനത് വരുമാനത്തിൻമേലുള്ള മിച്ച ഫണ്ടിന്റെ 20% വരെയും, ഒരു ലക്ഷം രൂപയിൽ കവിയാതെയും വാർഷിക പരിധിയൽ ചെലവഴിക്കുന്നതിന് നിയമതടസ്സമില്ല. എന്നാൽ മേൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി 1 ലക്ഷം രൂപ പരിധിയിൽ കവിഞ്ഞും പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക | വൌച്ചർ നം, തീയ്യതി |
|---|---|---|---|
| 1 | നാട്ടുപച്ച ഉൽഘാടന ചെലവ്. | 9,800 | 21600037, |

| | | | |
|---|---|---|---|
| | | | 06.04.2016 |
| 2 | പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളുടെ ഫോട്ടോ എടുത്ത വകയിലെ ചെലവ് (ശ്രീ. പ്രമോദിന് നൽകിയത്). | 12,300 | 21600040, 06.04.2016 |
| 3 | | 9,500 | 21600057, 07.04.2016 |
| 4 | | 8,200 | 21600254, 06.04.2016 |
| 5 | | 7,500 | 21600581, 09.09.2016 |
| 6 | കുമാരനെല്ലൂർ ജി.എൽ.പി.എസ് കെട്ടിട ഉൽഘാടനം. | 2,320 | 21600041, 06.04.2016 |
| 7 | സംസ്ഥാന തലത്തിലെ സ്പോർട്സ് താരങ്ങൾക്ക് മെമന്റോ. | 4,950 | 21600066, 11.04.2016 |
| 8 | എൽ.പി.സ്കൂൾ വിദ്യാർത്ഥികൾക്ക് അവധികാല പ്രവർത്തനങ്ങൾ നടത്തിയതിന് മെമന്റോ. | 2,880 | 21600077, 20.04.2016 |
| 9 | ഗ്രാമോൽസവം (ഫ്ലെക്സ് പ്രിന്റിംഗ്) | 2,700 | 21600256, 06.06.2016 |
| 10 | വിവിധ പ്രവർത്തനങ്ങളുടെ നോട്ടീസ് പ്രിന്റിംഗ് | 2,050 | 21600266, 08.06.2016 |
| 11 | | 3,050 | 21600300, 17.06.2016 |
| 12 | ഉൽഘാടന ചെലവ്. | 12,000 | 21600315, 28.06.2016 |
| 13 | യാത്രയപ്പ് ചെലവ് | 1,800 | 21600360, 04.07.2016 |
| 14 | +2, 10th വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് | 20,000 | 21600437, 30.07.2016 |
| 15 | ടാബ് ലെറ്റ് വിതരണം (നോട്ടീസ് പ്രിന്റിംഗ്) | 5,400 | 21600512, 29.08.2016 |
| 16 | അനൌൺസ്മെന്റ് തുക | 6,800 | 21600543, 05.09.2016 |
| 17 | 10 ലെ പരീക്ഷക്ക് A+ കിട്ടിയ കുട്ടികൾക്ക് മെമന്റോ | 10,400 | 21600693, 06.10.2016 |
| 18 | ഭാരത അന്താരാഷ്ട്ര മേളക്ക് സംഭാവന | 1,000 | 21600755, 04.11.2016 |
| 19 | അന്ധബധിര വിഭാഗക്കാരുടെ സംസ്ഥാന തല കായികമേളക്ക് സംഭാവന | 5,000 | 21600693, 0610.2016 |
| 20 | ജല സുരക്ഷ ജീവ സുരക്ഷ കാമ്പയിൻ | 2,000 | 21601054, 13.01.2017 |
| 21 | പഞ്ചായത്ത് ദിനാഘോഷം സംഭാവന | 10,000 | 21601165, 03.02.2017 |
| | ആകെ | 1,39,650 | |

17.12.2015 ലെ 451/എഫ്.എം.2/2015/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലൂടെ അസാധാരണ ചെലവുകൾ കർശനമായി നിയന്ത്രിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് പാലിച്ചില്ല. നിയമ വ്യവസ്ഥകൾ പാലിക്കാതെ പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി ചെലവഴിച്ച തുക 39,650/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-19 സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 156 (4) (സി) പ്രകാരം ഒരു പഞ്ചായത്ത് പ്രസിഡന്റിന് സർക്കാർ അതതു സമയം നിശ്ചയിച്ചേക്കാവുന്ന പരിധിയിൽ കണ്ടിജന്റ് ചെലവുകൾ ചെയ്യാവുന്നതാണ്. 18.01.1997ലെ (എം.എസ്)നം.18/97/ത.ഭ.വ. ഉത്തരവിലൂടെ ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ഒരു സമയത്ത് ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. (ഗ്രാമപഞ്ചായത്തിന് പരമാവധി ചെലവ് 5,000/- രൂപ)27.05.1998ലെ (എം.എസ്)107/98/ത.ഭ.വ. നമ്പർ ഉത്തരവിലൂടെ പഞ്ചായത്തുകളിലെ കണ്ടിജന്റ് ചെലവുകൾ ഏതെല്ലാം ഓഫീസ് കാര്യങ്ങൾക്കായിരിക്കണമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവുകൾക്ക് വിരുദ്ധമായി പഞ്ചായത്തിന്റെ ചുമതലകളിൽ പെടാത്ത ഇനങ്ങൾക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് വേളയിൽ കണ്ടെത്തിയ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക | വൌച്ചർ നം, തീയ്യതി |
|---|---|---|---|
| 1 | ഭക്ഷണ ചെലവ് (24.05.2016, 25.05.2016 തീയ്യതികളിൽ കൌമാര കുട്ടികൾക്ക് ബോധവൽക്കരണം) | 7,900 | 21600252, 06.06.2016 |
| 2 | ഭക്ഷണ ചെലവ് (വികസന സെമിനാർ ) | 20,740 | 21600471, 12.08.2016 |
| 3 | ഭക്ഷണ ചെലവ് (അനധികൃതമായി പ്രവർത്തിച്ച പന്നി ഫാം പൂട്ടി ലേലം ചെയ്യുന്ന നടപടി ദിവസം ഉദ്യോഗസ്ഥർക്ക്) | 4,600 | 21600861, 01.12.2016 |
| 4 | ഭക്ഷണ ചെലവ് (ജലസുരക്ഷ ജീവ സുരക്ഷ കാമ്പയിൻ) | 21,900 | 21601231, 19.02.2017 |
| 5 | സകർമ്മ ക്ലാസ്സിൽ പങ്കെടുത്ത മെമ്പർമാർക്ക് ഭക്ഷണം | 1,260 | 21601311, 03.03.2017 |
| 6 | ബജറ്റ് അവതരണത്തിൽ പങ്കെടുത്തവർക്ക് ഭക്ഷണം | 6,185 | 21601459, 27.03.2017 |
| 7 | വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പങ്കെടുത്തവർക്ക് ഭക്ഷണം | 18,740 | 21601589, 31.03.2017 |
| 8 | 30.03.2017 ന് ജീവനക്കാർക്കും ജനപ്രധിനിധികൾക്കും ഭക്ഷണം | 2,400 | 21601602, 31.03.2017 |
| | ആകെ | 83,725 | |

സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പഞ്ചായത്തിന്റെ ചുമതലകളിൽ പെടാത്ത ഇനങ്ങൾക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. എങ്കിലും ചെലവിന്റെ വിശദാംശത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവഴിച്ച തുക 83,725/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. (വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഹാജരാകുന്ന അനൗദ്യോഗിക അംഗങ്ങൾക്ക് പദ്ധതിയിൽ തുക വകയിരുത്തി ബസ്സ് ചാർജ്ജ് നൽകാവുന്നതാണ്).

## 3-20 കേരളോൽസവം - സർക്കാർ നിശ്ചയിച്ച പരിധിയിൽ കവിഞ്ഞ് ചെലവഴിച്ചു.

21.11.2016 ലെ (സാധ)നം.3156/2016/ ത.സ്വ.ഭ.വ ഉത്തരവിലൂടെ 2016-17 സാമ്പത്തിക വർഷത്തിൽ കേരളോൽസവം നടത്തിപ്പിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാവുന്ന പരിധി സർക്കാർ നിശ്ചിയിച്ച നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ചെലവഴിക്കാവുന്ന തുക 50,000/- രൂപയാണ്. എന്നാൽ മേൽ ഉത്തരവിലെ നിബന്ധന പാലിക്കാതെ തൻവർഷം ചെലവ് ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൌച്ചർ നം, തീയ്യതി | തുക |
|---|---|---|
| 1 | 21600952, 17.12.2016 | 15,000 |
| 2 | 21601592, 31.03.2017 | 23,933 |
| 3 | 21601593, 31.03.2017 | 22,540 |
| | ആകെ | 61,473 |

സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ കേരളോൽസവത്തിനായി അധികമായി ചെലവഴിച്ച തുക 11,473/- രൂപ ഉത്തരവാദിയായ സെക്രട്ടിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-21 ഗ്രാമപഞ്ചായത്തിന്റെ ചുമതലകളിൽപെടാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചുമതലകളും അധികാരങ്ങളും കർത്തവ്യങ്ങളും വിശദമാക്കിയിട്ടുണ്ട്. ടി വകുപ്പിലെ മൂന്നാം പട്ടികയിൽ പരാമർശിച്ചിരിക്കുന്ന സംഗതികളുമായി ബന്ധപ്പെട്ട് ചുമതലകളായി തരംതിരിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമപഞ്ചാത്തായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യുണ്ടത് ഗ്രാമപഞ്ചായത്തിന്റെ കർത്തവ്യമാണ്. എന്നാൽ മേൽ ചുമതലകളിൽ പെടാത്തതും സർക്കാർ പ്രത്യേകമായി ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടാത്തതുമായ താഴെ പറയുന്ന കാര്യങ്ങൾക്കും പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. വിശദാശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | വൌച്ചർ നം, തീയ്യതി | തുക |
|---|---|---|
| വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം [ഹോണറേറിയം - 3,000/-, ടാർപായ മേശ – 460/-, ഭക്ഷണം -4,505/- സർട്ടിഫിക്കറ്റ് പ്രിന്റിംഗ് - 4,300/-] | 21600415, 25.06.2016 | 7,965 |
| | 21600262, 08.06.2016 | 4,300 |
| വയോജന സഹവാസ യാത്രക്ക് ഫ്ലെക്സ് | 21600051, 07.04.2016 | 750 |
| വയോജനങ്ങളുടെ കൂട്ടായ്മ സംഘാടനം | 21600056, 07.04.2016 | 5,000 |
| കേരള വാട്ടർ അതോറിറ്റി നടത്തുന്ന ജലവിതരണ പദ്ധതിയുടെ രാത്രികാല പമ്പിംഗ് ചാർജ്ജ് നടത്തിയ ചെലവ്. (പമ്പ് ഓപ്പറേറ്ററുടെ 72ദിവസത്തെ കൂലി) | 2160035, 28.06.2016 | 28,116 |
| ആകെ | | 46,131 |

ഗ്രാമപഞ്ചായത്തിന്റെ ചുമതലകളിൽപെടാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചത് സംബന്ധിച്ച് അക്കൌണ്ടന്റ്, മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ എന്നിവർ ധമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിലോ, ഭരണസമിതി യോഗങ്ങളിലോ ശ്രദ്ധയിൽപെടുത്തുകയോ ഫയലുകളിൽ അഭിപ്രായകുറിപ്പ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചെലവ് തുക 46,131/- രൂപ ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. നിയമ വ്യവസ്ഥകൾ പാലിക്കാതെ ചെലവഴിച്ച തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-22 പത്രം ലേലം നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ലൈബ്രറികളിൽ തൻവർഷം പത്രങ്ങൾ വിതരണം നടത്തിയതിന് താഴെ പറയുന്ന തരത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഉപയോഗ ശേഷം പത്രങ്ങൾ ലേലം നടത്തി ലഭ്യമായ തുകയുടെ വിശദാംശങ്ങൾ വാർഷിക കണക്കിൽ നിന്നും ലഭ്യമല്ല. പത്രം വിതരണം നടത്തുന്നതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | വൗച്ചർ നം, തീയ്യതി | തുക |
|---|---|---|
| 1 | 21600629, 30.09.2016 | 2,260 |
| 2 | 21600313, 24.06.2016 | 37,300 |
| 3 | 21600714, 25.10.2016 | 2,268 |
| 4 | 216001038, 12.01.2017 | 86,286 |
| 5 | 21601260, 25.02.2017 | 788 |
| | | 1,28,902 |

ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയൻ തസ്തികയിൽ നിയമിതനായ ഉദ്യോഗസ്ഥന്റെ ചുമതലയാണ് ലൈബ്രറികളുടെ നടത്തിപ്പും മേൽനോട്ടവും. ലൈബ്രറികളിൽ വിതരണം നടത്തിയ പത്രങ്ങൾ ലേലം നടത്തിയതിന്റെ വിശദാംശങ്ങൾ, ലഭ്യമായ തുക എന്നിവ പരിശോധനക്കായി നൽകേണ്ടതാണ്. ചെലവഴിച്ച തുക 1,28,902/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-23 യൂണിഫോം, ഫുട്ട് വെയർ അലവൻസ്.

വൗച്ചർ നം. 21600673, 01.10.2016 – 2,400/-

വൗച്ചർ നം. 21600674, 01.10.2016 – 450/-

ഗ്രാമപഞ്ചായത്ത് പി.ടി.എസ്. ജീവനക്കാരന് മേൽ വിവരിച്ച വൗച്ചറുകൾ പ്രകാരം യൂണിഫോം അലവൻസ്, ഫുട്ട് വെയർ അലവൻസ് എന്നിവ അനുവദിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. 20.01.2016 ലെ (പി)07/2016/ധനം. ഉത്തരവിലൂടെ സർക്കാർ ജീവനക്കാരിൽ യൂണിഫോം അലവൻസ് (അനക്സ് .XII), ഫുട്ട് വെയർ അലവൻസ് (അനക്സ്.VII) അനുവദിക്കേണ്ടവർ ആരെല്ലാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ പഞ്ചായത്ത് വകുപ്പിലെ പാർട്ട് ടൈം സ്വീപ്പർ വിഭാഗത്തിൽപെട്ടവർക്ക് യൂണിഫോം അലവൻസ്, ഫുട്ട് വെയർ അലവൻസ് എന്നിവ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. പ്രസ്തുത തരത്തിൽ ഗ്രാമപഞ്ചായത്ത് പി.ടി.എസ്. വിഭാഗക്കാർക്ക് അലവൻസ് അനുവദിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 2,850/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-24 കുടുംബശ്രീ യൂണിറ്റിന് അനർഹമായി അനുവദിച്ച തുക - ഭരണസമിതി തീരുമാനം നടപ്പാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ കുടുംബശ്രീ യൂണിറ്റ് മുഖേന 2011-12 സാമ്പത്തിക വർഷത്തിൽ പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് 50,000/- രൂപ സൗഭാഗ്യ യൂണിറ്റിന് നൽകി. എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾ പേപ്പർ ബാഗ് യൂണിറ്റ് തുടങ്ങുന്നതിന് പകരം തയ്യൽ യൂണിറ്റാക്കി പ്രവർത്തമാരംഭിച്ചു. അംഗീകാരം നൽകിയ പദ്ധതിക്കു വിരുദ്ധമായി യൂണിറ്റ് തുടങ്ങിയതിനാൽ 25.052016 ലെ ഭരണസമിതി യോഗത്തിൽ തുക തിരികെ ഈടാക്കുന്നതിനായി തീരുമാനിച്ചു. (നം.172/16-17). എന്നാൽ ഓഡിറ്റ് കാലയളവ് വരേയും തുക ഈടാക്കുകയോ, തുക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല.

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ, ചട്ടം 29(2) പ്രകാരം ഒരു പഞ്ചായത്ത് പാസ്സാക്കിയ ഏതെങ്കിലും തീരുമാനം സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം, പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യുവാൻ സെക്രട്ടറി പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെടേണ്ടതും അപ്രകാരമുള്ള ആവശ്യപ്പെടൽ പഞ്ചായത്തിന്റെ തൊട്ടടുത്ത യോഗത്തിൽ പരിഗണിച്ച ശേഷം പഞ്ചായത്ത് അതിന്റെ ആദ്യ തീരുമാനത്തിൽ തന്നെ ഉറച്ചു നിൽക്കുകയാണെങ്കിൽ, വിവരം പ്രസിഡന്റിനെ അറിയിച്ചശേഷം തീരുമാനത്തിനായി സർക്കാരിന് റഫർ ചെയ്യേണ്ടതും, 15 ദിവസം വരെ സർക്കാരിന്റെ തീരുമാനം ലഭിക്കാതിരുന്നാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കേണ്ടതും വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ നടത്തുകയോ, തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ സെക്രട്ടറി ചെയ്തിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം നടപ്പിലാക്കി ബന്ധപ്പെട്ട യൂണിറ്റിൽ നിന്നും നിയമാനുസൃത പലിശ സഹിതം തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-25 ആംമ്പുലൻസ് ഉടമസ്ഥാവകാശം ജില്ല കളക്ടർക്ക്.

ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ബഹു. എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ആംമ്പുലൻസ് വാങ്ങി നൽകിയിട്ടുണ്ട് (വാഹന നം. കെ.എൽ.11.എ.എൻ.1815, മാരുതി ഓമ്നി). ആരോഗ്യ വകുപ്പിലെ പ്രവർത്തനങ്ങൾക്കായിട്ടാണ് എം.എൽ.എ. ഫണ്ടിൽ നിന്നും വാഹനം വാങ്ങിയത്. ആയതിനാൽ തന്നെ പ്രസ്തുത വാഹനം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. എന്നാൽ പ്രസ്തുത ആംമ്പുലൻസ് നിലവിലും കോഴിക്കോട് ജില്ല കളക്ടറുടെ പേരിലാണ് മോട്ടോർ വാഹന വകുപ്പിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് വാഹനം വാങ്ങുമ്പോൾ വകുപ്പ് തലത്തിൽ സ്റ്റേറ്റ് ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവരിൽ നിന്നും അനുമതി ലഭ്യമാക്കണം. എന്നാൽ പ്രസ്തുത നടപടികൾ സ്വീകരിക്കാതെയാണ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് വാഹനം കൈപ്പറ്റിയത്. (21.06.2016 ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ എച്ച്.റ്റി.2/32671/2014/ആ.കു.ഡ. നം.സർക്കുലർ കാണ്ടാലും). ആംമ്പുലൻസിന്റെ ഉടമസ്ഥത ആരോഗ്യ വകുപ്പ്

ഡയറക്ടറുടെ പേരിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-26 ജൈവവൈവിധ്യ മാനേജിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

2008ലെ കേരള ജൈവവൈവിധ്യ ചട്ടങ്ങൾ പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിലും, നഗരസഭകളിലും ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കണമെന്നും (ചട്ടം.20), ആയതിന്റെ ഘടന, അംഗങ്ങൾ, ചുമതലകൾ, പ്രവർത്തനങ്ങൾ തുടങ്ങിയവ ഏതെല്ലാം തരത്തിലാകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിൽ രൂപീകരിച്ച പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ, കമ്മിറ്റിയുടെ പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ തുടങ്ങിയവ പരിശോധനക്കായി ലഭ്യമാക്കിയില്ല. നിലവിൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നടക്കുന്നില്ലായെന്ന് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് ഓഡിറ്റ് വേളയിൽ വിശദീകരിച്ചു. പഞ്ചായത്ത് തലത്തിലുള്ള ജൈവവൈവിധ്യ മാനേജിംഗ് കമ്മിറ്റികൾ പുനസ്ഥാപിച്ച് പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതും വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-27 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (ആരോഗ്യം, ഹോമിയോ, യുനാനി) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ അപാകത പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ നിയമ വ്യവസ്ഥയിൽ നിഷ്കർഷിച്ച സമയ പരിധിക്കകം ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിക്കേണ്ടതാണ്.

## 3-28 വീട് വയറിംഗ് - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

1)പ്രൊജക്ട് നം 552/17 (ST)

ബിൽനം /തുക 34//30-3-17/ 50000

2)പ്രൊജക്ട് നം 551/16-17 (SC)

ബിൽ നം/തുക 32//30-3-17 /10000

മേൽ പ്രൊജക്ടുകൾപ്രകാരം 12പേർക്ക് വീട് വയറിംഗിനുവേണ്ടി 60000രൂപ . കൈമാറിയിട്ടുണ്ട് പ്രൊജക്ട് ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. ജി.ഒ.(എം.എസ്സ്) നം. 4/2016/ത.സ്വ.ഭ.വ. 11.01.2016 പ്രകാരം വീട് വയറിംഗ് നടത്തുമ്പോൾ മെയിൻസ്വിച്ച്, എർത്തിംഗ് എന്നിവയ്ക്ക് പുറമെ കുറഞ്ഞത് 1 പോയിന്റ് വയറിംഗ് നടത്തിയത് വി.ഇ.ഒ/ ഓവർസിയർ സാക്ഷ്യപ്പെടുത്തണം. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ വിവരങ്ങൾ ലഭ്യമല്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിട്ടില്ല. അപാകത

പരിഹരിക്കേണ്ടതാണ്.

## 3-29 ഭവന നിർമ്മാണം -- കാലയളവിനുള്ളിൽ പണി പൂർത്തീകരിച്ചില്ല

2016-17 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായ ഭവനനിർമ്മാണം പ്രൊജക്ടുകൾ സമയപരിധിക്കകം പൂർത്തീകരിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം 99 /2016-17 ഇ എം എസ്സ് ഭവനപദ്ധതി ജനറൽ(2009-10,10-11)

ചെലവ് തുക 22500 /ചെക്ക് നം 076596

ഫണ്ട് .തനത്ഫണ്ട്

പണി പൂർത്തീകരിക്കാത്ത വ്യക്തികൾ,

| | പേര് | കൈപറ്റിയ തുക | യൂണിറ്റ് കോസ്റ്റ് |
|---|---|---|---|
| 1 | ശ്രീ.നാരായണൻ മാളിയേക്കൽ | 22500 | 75000 |
| 2 | ശ്രീ.ജോൺസൺ | 22500 | 75000 |
| 3 | ശ്രീമതി.ആമിന | 22500 | 75000 |
| 4 | ശ്രീമതി.കല്യാണി | 67500 | 75000 |
| 5 | ശ്രീ.ഗോപാലകൃഷ്ണൻ | 67500 | 75000 |
| 6 | ശ്രീ.വാസു | 67500 | 75000 |
| 7 | ശ്രീമതി.സഫിയ | 67500 | 75000 |
| 8 | ശ്രീ.ഉസ്മാൻ | 22500 | 75000 |
| 9 | ശ്രീ.ഹസ്സൻ | 67500 | 75000 |
| 10 | ശ്രീമതി.ഉമ്മച്ച | 22500 | 75000 |
| 11 | ശ്രീ.മുസ്തഫ | 67500 | 75000 |
| 12 | ശ്രീ.അബ്ദുൾ അസീസ് | 52500 | 75000 |
| 13 | ശ്രീമതി.സുമതി | 22500 | 75000 |
| 14 | ശ്രീ.കറപ്പൻ | 52500 | 75000 |
| 15 | ശ്രീമതി.ഷിനി | 67500 | 75000 |

| | | | |
|---|---|---|---|
| 16 | ശ്രീ.ബൈജു | 52500 | 75000 |
| 17 | ശ്രീമതി.സജിന | 52500 | 75000 |
| പ്രൊജക്റ്റ് നം 100/16-17 ഇ.എം.എസ്സ്. (SC)2011-12<br>ചെലവ് തുക 80000 /ബിൽനം 3/16-17, 27.09.2016, 10,000/- , 13/16-17, 02.03.2017, 70000/- ഫണ്ട് (എസ്.സി.പി) | | | |
| 1 | ശ്രീമതി.വിലാസിനി | 30000 | 100000 |
| 2 | ശ്രീമതി.തിരുമാല | 30000 | 100000 |
| 3 | മനോജ് | 30000 | 100000 |
| പ്രൊജക്റ്റ് നം 11/16-17 എം എൻ ലക്ഷംവീട് (2011-12)<br>ചെലവ് തുക 2016-17 സാമ്പത്തികവർഷത്തിൽ ചെലവില്ല. | | | |
| 1 | ശ്രീ.സൈതാലവി | 52500 | 75000 |
| 2 | ശ്രീമതി.ആമിന | 67500 | 75000 |
| പ്രൊജക്റ്റ് നം 7/16-17 ഭവനനിർമ്മാണം -ജനറൽ(2013-14)<br>ചെലവ് തുക – 2,20,000/- ബിൽനം 5/16-17, 15.11.2016, 20,000/- , 23/16-17/24.03.2017 1,20,000/- , 26/16-17, 27.03.2017, 80,000/- ഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ് | | | |
| 1 | ശ്രീമതി.ബിന്ദു | 140000 | 200000 |

മേൽ സൂചിപ്പിച്ച പ്രൊജക്ടുകൾ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ

കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വേനപ്പാറക്കൽ കുടിവെള്ള പദ്ധതി,430/17 | ബിൽ നം.41/27.3.17 | 500000 | - | 500000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല,

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ40,20,000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി | ജി ഒ (എം എസ്) 83/13 ത സ്വ ഭ വ | 4,00,00,000/- (അനുവദിച്ചത്) | 2,80,20,000/- | 40,20,000/- | 14,50,000/- | | 3,05,90,000/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6332.00രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പ്പേരും | |
| 2013-14,14-15 | 2-2 | 1260 | ശ്രീ.അസ്സൻ കുട്ടി | 11601102942/21.12.16 |
| 2013-14,14-15 | 2-2 | 469 | ശ്രീ.അഹമ്മദ് കുട്ടി | 11601102943/21.12.16 |
| 2013-14,14-15 | 2-2 | 414 | ശ്രീ. ഹൈദർ അലി | 11601102944/21.12.16 |
| 2013-14,14-15 | 2-2 | 321 | ശ്രീ.അബൂബക്കർ | 11601102946/21.12.16 |
| 2013-14,14-15 | 2-2 | 121 | ഉമ്മർ ഫൈസി | 11601102947/21.12.16 |
| 2013-14,14-15 | 2-2 | 358 | മുഹമ്മദ് ഫിറോസ് | 11601102945/21.12.16 |
| 20102-03 | 3-21 | 481 | ഷാജു | 11601103761/21.12.16 |
| 20102-03 | 3-21 | 2106 | ഷാജു | 11601103762/21.12.16 |
| | ആകെ | 5530 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ | തെരുവു വിളക്ക് പദ്ധതി നിർവ്വഹണം-അപാകതകൾ-40020/- രൂപ തടസ്സം |
| 2001-02 | 3.2 | 2005-06 | കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തുകൾക്ക് | വൈദ്യുതചാർജ്ജ്- 39584 രൂപ |

| | | | | |
|---|---|---|---|---|
| | | | ബാധ്യതയാകുന്നു | |
| 2001-02 | 3.7 | 2005-06 | പെൻഷൻ/വേതനം അപാകതകൾ വ്യാപകം | കർഷക തൊഴിലാളി പെൻഷൻ കാലതാമസം 2001-02 ൽ ലഭിച്ച100 ഓളം അപേക്ഷകൾ ഒരു വർഷത്തിനു ശേഷമാണ് തീർപ്പാക്കിയത്. |
| 2001-02 | 2 | 2005-06 | 14 | നികുതി പിരിക്കുന്നതിലെ അലംഭാവം -കുടിശ്ശിക വർദ്ധിക്കുന്നു.<br>കെട്ടിട നികുതി 224876.00<br>തൊഴിൽ നികുതി 10150.00 |
| 2003-04 | 2.1 | 2006-07 | 3.79.1 | ഗ്രാമ പഞ്ചായത്ത്-കെട്ടിട നികതി ,തൊഴിൽ നികുതി,തനതു വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു.<br>1) കെട്ടിട നികുതി 89298.00<br>2) തൊഴിൽ നികുതി ---<br>3) ലൈസൻസ് 4443.00<br>മറ്റിനം 93741.00 (1995-96 മുതൽ 2000-01 വരെ) |
| 2002-03 | 3.26 | 2006-07 | 3.79.3-രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപാകതകൾ | ക്യാഷ് ബുക്കിൽ ബാങ്ക്- ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.നീക്കിയിരിപ്പ് അധിക തുകക്ക് ചെക്കുകൾ നൽകി |
| 2003-04 | 2.3 | 2006-07 | 3.79.4 പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം -കാഷ് ബുക്കും മറ്റും ശരിയാം വിധം എഴുതുന്നില്ല. | തെറ്റായ രീതിയിൽ വരവ് ചെലവ് രേഖപ്പെടുത്തുകയുണ്ടായി. |
| 2003-04 | 3.6 | 2006-07 | 3.79.6 മണൽ വിൽപ്പന റിവർ മാനേജ്മെന്റ് ഫണ്ട് അടച്ചതിന് ക്യാഷ് രശീതി നൽകുന്നില്ല. | R.M.F ൽ അടച്ച തുക 1049600.00 |
| 2003-04 | 3.1 | 2006-07 | 3.79.1 കന്നുകുട്ടി പരിപാലനം അപാകതകൾ | കന്നുകുട്ടി പരിപാലന പദ്ധതി അസി.ഡയറക്ടർക്ക് നൽകിയ തുകയുടെ ചെലവു വിവരം ,വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല. ചെലവു തുക- 198250.00 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,58,46,720 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,29,71,446 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,97,700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14,20,141 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,04,977 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 2,97,700 | | ശ്രീ.ഇ.സുരേഷ് ബാബു, സെക്രട്ടറി, |
| 3-1 | | 21369 | ശ്രീമതി.ധന്യ.സി.ആർ, അസി.എഞ്ചിനീയർ, ശ്രീമതി.സീന അലക്സ്, അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി |
| 3-2 | | 97,267 | |
| 3-3 | | 33,997 | |
| 3-5 | | 90,304 | ശ്രീമതി.ധന്യ.സി.ആർ, അസി.എഞ്ചിനീയർ |
| 3-6 | | 7,520 | ശ്രീമതി.ധന്യ.സി.ആർ, അസി.എഞ്ചിനീയർ |
| 3-7 | | 9,47,100 | ശ്രീമതി.ഷൈല.കെ.എ, ഹെഡ്മാസ്റ്റർ, ശ്രീമതി.വന്ദന.കെ.എൻ, ബി പി ഒ എന്നിവരിൽ നിന്ന് തുല്യമായി |
| 3-8 | | 77,000 | |
| 3-11 | | 48,330 | ഡോ.മനലാൽ.എൻ, മെഡിക്കൽ ഓഫീസർ(പി എച്ച് സി) |
| 3-18 | | 39,650 | ശ്രീ.ഇ.സുരേഷ് ബാബു, സെക്രട്ടറി |
| 3-20 | | 11,473 | |
| 3-21 | | 46,131 | |
| | 2,97,700 | 1420141 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 7,00,000 | ശ്രീമതി.ഷൈല.കെ.എ, ഹെഡ്മാസ്റ്റർ |
| 3-10 | 1,44,200 | ഡോ.മനുലാൽ.എൻ, മെഡിക്കൽ ഓഫീസർ(പി എച്ച് സി) |
| 3-15 | 4,90,000 | ശ്രീമതി.ധന്യ.സി.ആർ, അസി.എഞ്ചിനീയർ |
| 3-17 | 3,55,300 | ശ്രീ.ഇ.സുരേഷ് ബാബു, സെക്രട്ടറി, |
| 3-19 | 83725 | |
| 3-22 | 1,28,902 | |
| 3-23 | 2,850 | |
| | 1904977 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-4 - 409443രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ധന്യ.സി.ആർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കാരശ്ശേരി ഗ്രാമപഞ്ചായത്ത് | സൗഭാഗ്യ ഹൗസ്, പ്രൊവിഡൻസ് കോളേജിന് സമീപം, മലാപറമ്പ്, കോഴിക്കോട് |
| ശ്രീമതി.സീന അലക്സ്, അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് | ശ്രാവണം ഹൗസ് ഒഴയാടി, കുന്ദമംഗലം |
| ശ്രീ.ഇ.സുരേഷ് ബാബു, സെക്രട്ടറി, | സെക്രട്ടറി, കാരശ്ശേരി ഗ്രാമപഞ്ചായത്ത് | പാറക്കോട്ട് ഹൗസ്, പൂവാട്ടുപറമ്പ്(പി ഒ) കോഴിക്കോട് |
| ഡോ.മനുലാൽ.എൻ, മെഡിക്കൽ ഓഫീസർ(പി എച്ച് സി) | മെഡിക്കൽ ഓഫീസർ, | തേവർകണ്ടി, തിക്കോടി(പി.ഒ) കോഴിക്കോട് |
| ശ്രീമതി.ഷൈല.കെ.എ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, എൽ പി സ്കൂൾ, ആനയാംകുന്ന് | തലകുളത്ത് ഹൗസ്, നെല്ലിക്കാപറമ്പ്(പി ഒ) |

| | | |
|---|---|---|
| | | മുക്കം, 673602 |
| ശ്രീമതി.വന്ദന.കെ.എൻ, ബി പി ഒ | എച്ച് എസ് എ, ജി.എച്ച്.എസ്.എസ് പറമ്പിൽ | കണ്ണാറമ്പത്ത്(ഹൗസ്), ചാത്തമംഗലം(പിഒ), കോഴിക്കോട് 673602 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.എ.കെ.കെ.ഡി.പി3/1482/13(2) | 1 |
| 1999-2000 | എൽ.എഫ്.എ.കെ.കെ.ഡി.പി3/194/10തി 18.3.10 | 1 |
| 2000-01 | എൽ.എഫ്.എ.കെ.കെ.ഡി.പി3/1482/13(2) | 1 |
| 2001-02 | എൽ.എഫ്.എ.കെ.കെ.ഡി.പി3/1482/13(3) | 3 |
| 2002-03 | എൽ.എഫ്.എ.കെ.കെ.ഡി.പി3/1482/13(4) | 1 |
| 2003-04 | എൽ.എഫ്.എ.കെ.കെ.ഡി.പി3/1482/13(5) | 2 |
| 2004-05 | എൽ.എഫ്.എ.കെ.കെ.ഡി.പി3/881/08 തീ. 5-11-08 | 20 |
| 2005-06 | എൽ.എഫ്.എ.കെ.കെ.ഡി.എസ്.3/266/08 തീ. 9-5-08) | 4 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.എ.കെ.കെ.ഡി.പി3/2050/14 | 19 |
| 2007-08 | എൽ.എഫ്.എ.കെ.കെ.ഡി.പി3/338/10തി5.5.11 | 48 |
| 2008-09 | എൽ.എഫ്.എ.കെ.കെ.ഡി.പി3/987/13 തി25.4.13 | 17 |
| 2009-10 | എൽ.എഫ്.എ.കെ.കെ.ഡി.പി3/172/13തി 25.4.13 | 28 |
| 2010-11 | എൽ.എഫ്.എ.കെ.കെ.ഡി.പി3/1222/13 തി 10.10.1 | 19 |
| 2011-12 2012-13 | കെ.എസ്.എ.കെ.കെ.ഡി പി3/766/15 തി 16.11.15 | 31 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി പി3/421/2016 തി 04.05.2016 | 26 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി പി3/2179/2016 തി 21.12.2016 | 16 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം- 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.കെ.ഡി/പി3 /1693/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി.31.10.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ് അവലംബിച്ചും കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016

–17 വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ള കാര്യങ്ങളിലൊഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- ാം വകുപ്പും 12.06.2003 ലെ ജി.ഒ.(പി)/319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P3/1693/2017

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date:31.10.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Karasseri Grama Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Karasseri Gramapanchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

District Audit Office, Kozhikode.